മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 07 | THE ONLINE OFFICIAL NEWS BULLETIN | 2022 February 12

ദനഹകാലം	SEASON OF EPIPHANY	ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
13 ♪7 hadbšabo d kohné Sunday of the All Departed Priests 90th Mem. of Patriarch Mar Elias III of Antioch ✠ (Manjanikara Dayra)	14 ♪3	15 ♪7	16 ♪3 10th Mem. of "Sabha Ratnam" Geevarghese Mar Osthathios ✠ (St Paul's Chapel, Mavelikara)	17 ♪7	18 ♪3	19 ♪7 60th Mem. of Elias Mar Julius ✠ (Manjanikara Dayra)



'സഹോദരൻ ചാരിറ്റി പദ്ധതി' ഉദ്ഘാടനം ചെയ്തു.

പരുമല: ക്രിസ്തീയ ജീവിതം ലോകം മുഴുവൻ പ്രചരിപ്പിക്കുവാനുള്ള അവകാശം ക്രൈസ്തവ സഭയ്ക്കുണ്ടെന്നും വിദ്യാഭ്യാസ രംഗത്തും സാമൂഹിക ക്ഷേമ പ്രവർത്തന രംഗത്തും സഭകൾ നൽകുന്ന സംഭാവനകൾ അതുല്യമാണെന്നും ഗോവാ ഗവർണ്ണർ അഡ്വ. പി. എസ്. ശ്രീധരൻ പള്ള പറഞ്ഞു. പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 73-ാമത് ജന്മദിന സമ്മേളനം പരുമല പള്ളിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മതാതീത ദർശനത്തോടെ വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന പ. മാത്യൂസ് തൃതീയൻ ബാവാ കാരുണ്യത്തിന്റെ മാനവികത പങ്കിടുന്ന മഹത് വ്യക്തിത്വമാണെന്നും അദ്ദേഹം പറഞ്ഞു. കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ, അദ്ധ്യക്ഷത വഹിച്ചു. പ. ബാവായുടെ ജന്മദിനാഘോഷത്തോടനുബന്ധിച്ച് ആവിഷ്കരിച്ച ഏഴു സാമൂഹിക പദ്ധതികളുടെ ഉദ്ഘാടനവും ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻപിള്ള നിർവ്വഹിച്ചു.

ബസേലിയോസ് കർദിനാൾ ക്ലിമ്മീസ്, സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, ബിഷപ്പ് തോമസ് തറയിൽ, സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, ബിഷപ്പ് സിൽവിസ്റ്റർ പൊന്നുമുത്തൻ, ഡോ. മലയിൽ സാബു കോശി ചെറിയാൻ, ഔഗേൻ കുര്യാക്കോസ് എപ്പിസ്കോപ്പ, വൈദികട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. എം. സി. പൗലോസ് എന്നിവർ പ്രസംഗിച്ചു.

പ. മാത്യൂസ് തൃതീയൻ ബാവാ രചിച്ച 'മലങ്കരസഭാ ചരിത്ര സ്പന്ദനങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ഗോവ ഗവർണ്ണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള നിർവ്വഹിച്ചു. രാവിലെ പരുമല സെമിനാരി പള്ളിയിൽ പ.ബാവ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് ജന്മദിന മധുരം പങ്കിട്ടു.




73-ാം ജന്മദിനം ആഘോഷിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവ തിരുമേനിക്ക് പ്രാർത്ഥനാശംസകൾ.

മാരാമൺ കൺവൻഷൻ സഭാ ഐക്യസമ്മേളനം പ. കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്യും

തിരുവല്ല: 127-ാമത് മാരാമൺ കൺവൻഷൻ 13 മുതൽ 20 വരെ നടക്കും. 16-ന് രാവിലെ 10-ന് സഭാ ഐക്യസമ്മേളനം പ. കാതോലിക്ക ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവ ഉദ്ഘാടനം ചെയ്യും.

ആരാധനാ കലണ്ടർ

"കൊള്ളാം, ഉത്തമനും വിശ്വസ്തനുമായ ദാസാ നീ അൽപ്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും"



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

വി. നിനുവാ നോമ്പിനും രക്ഷാകരമായ വലിയ നോമ്പിനും ഇടയ്ക്കു വരുന്ന രണ്ട് ഞായറാഴ്ചകളിൽ ആദ്യത്തേത് പ. സഭയുടെ പൗരോഹിത്യത്തെയും രണ്ടാമത്തേത് വാങ്ങിപ്പോയ വിശ്വാസ സമൂഹത്തെയും ഓർക്കുവാനായി ക്രമീകരിച്ചിരിക്കുന്നു. നിനുവാ നോമ്പിന്റെ പേത്തുർത്തോ ഞായർ എല്ലാ സഭാപിതാക്കന്മാരെയും ഓർക്കുന്ന ദിവസമാണെന്നും നാം കണ്ടു. ചുരുക്കത്തിൽ വി. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പ. നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, സന്യാസപിതാക്കന്മാർ, ശ്രേഷ്ഠ വൈദികർ, വിശ്വാസികളായ വാങ്ങിപ്പോയവർ എന്നിങ്ങനെ ആദം മുതൽ ഇന്നയോളം ക്രിസ്തുവിൽ വിശ്വസിച്ചവരായ എല്ലാവരെയും ഈ ദിനങ്ങളിൽ നാം ഓർക്കുന്നു.

സാധാരണ രീതിയിൽ ദിവസത്തിന്റെ അവസാന യാമമായ 9-ാം മണിയിലും ആഴ്ചയിലെ അവസാന ദിനമായ ശനിയാഴ്ചയുമാണല്ലോ നാം വാങ്ങിപ്പോയവരെ ഓർക്കുന്നത്. ആരാധനാവർഷത്തിലും അവസാന കാലഘട്ട (സ്ലീബാ യുഗാന്ത്യകാലം) ത്തിൽ 'മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനു'മായി നാം നോക്കി പാർക്കുന്നുമുണ്ട്. പിന്നെ എന്തുകൊണ്ട് ഈ സമയത്ത് 'കൊഹ്നെ-വ്-ആനിദെ' കടന്നുവരുന്നുയെന്ന ചോദ്യത്തിന് പിതാക്കന്മാർ നൽകുന്ന ഉത്തരം മലങ്കരയുടെ മഹാ മല്പാനായിരുന്ന ഞങ്ങളുടെ വന്ദ്യ ഗുരു ഉദ്ധരിച്ചത് ഓർക്കുന്നു:

1. രക്ഷാകരമായ വി. വലിയനോമ്പിലേക്ക് രക്ഷണ്യ സമൂഹമായ പ. സഭ ഒന്നിച്ചാണ് പ്രവേശിക്കുന്നത്. വി. വലിയനോമ്പിന്റെ സാർവ്വത്രികഭാവം ഇവിടെ സൂചിപ്പിക്കപ്പെടുന്നു. സർവ്വപ്രപഞ്ചത്തിനും വേണ്ടി ജീവലോകവും മൃതലോകവും ഒന്നിച്ച് അനുഷ്ഠിക്കുന്നതാണ് വി. വലിയ നോമ്പ്. മനുഷ്യനുവേണ്ടി മാത്രമല്ല, സർവ്വപ്രപഞ്ചത്തിന്റെയും മോചനത്തിനുവേണ്ടിയാണ് പ. സഭ യാചിക്കുന്നത്. ഓർത്തഡോക്സ് ആരാധനാശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണമാണിത്. 'സമസ്തലോകത്തിനും സൗഖ്യമുണ്ടാകട്ടെ' എന്ന പ്രാർത്ഥനയില്ലാത്ത ഒരു ആരാധനയും സഭയ്ക്ക് ഇല്ല എന്ന് ഓർക്കണം!

2. വി. നോമ്പിന്റെ അനുഭവം തീക്ഷ്ണമാണ്. ഒരുക്കത്തോടെ നോമ്പനുഷ്ഠിക്കുന്നവർക്ക് അനേകം പരീക്ഷണങ്ങളും പ്രതിസന്ധികളും ഉണ്ടാകുവാൻ ഇടയുണ്ട്. നോമ്പനുഷ്ഠിക്കുന്നവരിൽ സാത്താൻ തോൽക്കുകയും കൊല്ലപ്പെടുകയും ചെയ്യും എന്നതിനാൽ നോമ്പിന്റെ തീവ്രത കൂടും തോറും അനുഷ്ഠിക്കുന്നവന്റെ പ്രതിസന്ധികളും വർദ്ധിക്കും. 'നാല്പതു ദിവസം ഉപവസിച്ചപ്പോൾ അവന് വിശുന്നുവെന്നും അപ്പോൾ പരീക്ഷകനായ സാത്താൻ പ്രലോഭനങ്ങളുമായി അവന്റെ അടുത്ത് വന്ന് അവനെ പരീക്ഷിച്ചുവെന്നും' നാം വായിക്കുന്നു. നമ്മുടെ കർത്താവിനെപ്പോലെ പിശാചിനെ ശാസിച്ച് പുറത്താക്കുവാൻ നമുക്ക് കഴിയണം. പ. പിതാക്കന്മാരുടെ മാദ്ധ്യസ്ഥം ആയതിന് നമ്മെ ഏറെ സഹായിക്കും എന്നതിനാൽ നാം അവരെ ഓർത്ത് നമ്മോട് ചേർത്തുനിർത്തുന്നു.

അതികഠിനമായ മരുഭൂയാത്രയാകുന്ന വലിയനോമ്പിന്റെ ഓട്ടം പൂർത്തിയാകുവാനുള്ള ഉത്തമ മാർഗ്ഗം പിതാക്കന്മാരുടെ പാതയിൽ സഞ്ചരിക്കുകയെന്നതാണ് എന്ന് വിവക്ഷ. സാക്ഷികളുടെ സമൂഹം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നതും ഈ വിശ്വാസ സമൂഹത്തെയാണ്.

വി. ത്രിത്വഭാവം സാക്ഷികളുടെ സമൂഹത്തിനും ഉണ്ട്. ആയതിൽ ഒന്നാം ഭാഗം വിശുദ്ധ പിതാക്കന്മാരുടെ ഗണം. രണ്ടാം ഭാഗം വാങ്ങിപ്പോയ വൈദികരുടെ ഗണം. മൂന്നാം ഭാഗം വിശ്വാസികളായ എല്ലാ വാങ്ങിപ്പോയവരുടെയും ഗണം. യഥാക്രമം ഇവർ ഓർക്കപ്പെടുന്നു; വി. പിതാക്കന്മാർക്ക് ആരാധന സംഗീത ക്രമീകരണത്തിൽ 6-ാം നിറവും വൈദികർക്ക് 7-ാം നിറവും വിശ്വാസികൾക്ക് 8-ാം നിറവും ആയി ആരാധന ക്രമീകരിച്ചിരിക്കുന്നതും ഇവിടെ ഓർക്കണം.

കൊഹനെ ഞായറാഴ്ചയിലെ ആദ്യ പഴയനിയമവായന അഹറോന്യ പൗരോഹിത്യത്തെ കുറിച്ചാണ് (സംഖ്യാ പുസ്തകം 20:23-29). ഹോർ പർവ്വതത്തിൽ വച്ച് അഹറോന്റെ പുരോഹിതവസ്ത്രം അവന്റെ മരണത്തിനു മുമ്പ് ഊരിയെടുത്ത് അവന്റെ മകനായ ഏലയാസറെ മോശ ധരിപ്പിക്കുന്നു. അഹറോൻ ഹോർ പർവ്വതത്തിൽ വച്ച് മരിക്കുകയും അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്യുന്നു. പൗരോഹിത്യ ക്രമവും അതിന്റെ പിൻതുടർച്ചാവകാശവും ദൈവിക പ്രമാണങ്ങളാണ് എന്ന് വ്യക്തമാക്കപ്പെടുന്ന ഭാഗമാണിത്.

മരണത്തെക്കുറിച്ചുള്ള ഒരു തത്വശാസ്ത്ര ചർച്ചയാണ് ഈയോബിന്റെ പുസ്തകത്തിൽ നിന്നുമുള്ള വായന. ഒരു വൃക്ഷം വെട്ടി മാറ്റപ്പെട്ടാലും അതിന്റെ വേർ നിലത്തു പഴകിപ്പോയാലും അതിന്റെ കുറ്റി മണ്ണിൽ കെട്ടുപോയാലും വെള്ളത്തിന്റെ ഗന്ധം കൊണ്ട് അത് പിന്നെയും കിളിർക്കുകയും ഇളം കൊമ്പുകൾ വിടരുകയും ഒരു തൈ പോലെ തളിരിടുകയും ചെയ്യും (ഇയ്യോബ് 14:7-22) എന്ന് പ്രസ്താവിക്കുന്നു. ദൈവത്തിൽ പ്രത്യാശയുള്ളവൻ മരിച്ചാലും നിലനിൽക്കുമെന്നും എന്നാൽ പ്രത്യാശയില്ലാത്തവന് ജീവനുമില്ല എന്ന് സമർത്ഥിക്കുന്നു.

മഹാജ്ഞാനിയായ ശലോമോന്റെ ജ്ഞാനത്തിൽ നിന്നുമുള്ള പ്രത്യേക വായനയിൽ (ബാറാസീറ 4:7-16) നീതിമാന്റെ മരണവും ദുഷ്ടന്റെ മരണവും തമ്മിലുള്ള അന്തരവും വർണ്ണിക്കുന്നുണ്ട്. വാർദ്ധക്യം കാലദൈർഘ്യത്താൽ മാനിക്കപ്പെടുന്നതോ വർഷങ്ങളുടെ എണ്ണത്താൽ അളക്കപ്പെടുന്നതോ അല്ല; മറിച്ച് കുറ്റമറ്റ ജീവിതമാണ് പക്വവാർദ്ധക്യം എന്ന് വായിക്കുന്നു. കുറഞ്ഞ കാലംകൊണ്ട് പൂർണ്ണത നേടുന്നവർ വിശുദ്ധിയുടെ വാർദ്ധക്യം അഥവാ നിത്യത പ്രാപിക്കുന്നു. എന്നാൽ ദുഷ്ടതയിൽ ദീർഘകാലം വസിക്കുന്നവരെ ആരും ഓർക്കുവാൻ ആഗ്രഹിക്കുന്നില്ല എന്ന ജ്ഞാനവാക്കുകൾ വൈദികരുടെ കാര്യത്തിൽ കൂടുതൽ അന്വർത്ഥമാകുന്നു. ബാലൻ നൂറു വയസ്സുള്ളവനായി മരിക്കും, പാപിയോ നൂറു വയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ എന്നേ വരൂ എന്ന് യെശയ്യാ പ്രവാചകനും സാക്ഷിക്കുന്നു (65:13-20).

വൈദിക സ്ഥാനികളോടുള്ള പ. പൗലൂസ് ശ്ലീഹായുടെ ശക്തമായ പ്രബോധനമാണ് ആദ്യ ലേഖന ഭാഗം (അപ്പോ. പ്ര. 20:26-38); "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യ"മെന്ന കർത്തൃപ്രമാണത്തിൽ അടിയുറച്ച ജീവിതം നയിക്കുവാൻ പൗരോഹിത്യ സ്ഥാനികൾക്കു കഴിയണം എന്ന് അദ്ദേഹത്തിന്റെ വിടവാങ്ങൾ പ്രസംഗത്തിൽ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനത്തിലും അവനിലുള്ള ജീവന്റെ പ്രത്യാശയിലും ജീവിക്കുകയും വിശ്വാസികളെ ആ പാതയിൽ വഴിനടത്തുകയും ചെയ്യുന്നവനാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ കൂട്ടവകാശിയാകുന്നത് എന്ന് തെസലോനിക്യരോടും അദ്ദേഹം ഓർമ്മിപ്പിക്കുന്നു (1 തെസ്സ. 4:13-5:11).

ഏവൻഗേല്യോൻ ഭാഗങ്ങൾ എല്ലാംതന്നെ പൗരോഹിത്യത്തെ താലന്തുകളുടെ ഉപമയിലൂടെയാണ് അവതരിപ്പിക്കുന്നത്. കർത്താവ് നൽകുന്ന വലിയ താലന്താണ് വി. പൗരോഹിത്യ നൽവരം. അതിനെ ഇരട്ടിയായി വർദ്ധിപ്പിക്കുന്നവൻ ഉത്തമനും വിശ്വസ്തനുമായ ദാസനാണ്. എന്നാൽ ലഭിച്ച താലന്ത് കുഴിച്ചുമൂടുകയും നൽകിയ ഉടമസ്ഥനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നവൻ ദുഷ്ടനും മടിയനുമായ ദാസനാണ് എന്നും കർത്താവ് വ്യക്തമായി പറയുന്നു. അവനെ പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. താലന്തുകളെ വർദ്ധിപ്പിച്ചവരുടെയും കുഴിച്ച് മൂടിയവരുടെയും അനേകം ഉദാഹരണങ്ങൾ മലങ്കരസഭയുടെ പൗരോഹിത്യ ചരിത്രത്തിലും ഉണ്ടെന്ന് നാം ഓർക്കണം. വിശ്വസ്തരും ബുദ്ധിമാന്മാരുമായ ദാസന്മാരായി നമ്മുടെ പൗരോഹിത്യവൃന്ദം കാണപ്പെടുവാൻ ഇടയാകണം എന്ന ആഹ്വാനം പുരോഹിത സ്മരണയുടെ ഈ പെരുന്നാളിൽ നിറഞ്ഞു നിൽക്കുന്ന ആശയമാണ്.

പൗരോഹിത്യ വേലയിൽ നിന്നും പിരിഞ്ഞ് നിന്റെ സന്നിധിയിലേക്ക് പുറപ്പെട്ടിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരുടെ ഓർമ്മ പാവനമാക്കുകയും അവരെ അബ്രഹാമ്യ മടികളിൽ വിശ്രമിപ്പിക്കുകയും സ്വർഗ്ഗീയ സൈന്യങ്ങളോടൊപ്പം നിനക്ക് ആത്മീയ ശുശ്രൂഷ നിർവ്വഹിക്കുവാൻ അവരെ യോഗ്യരാക്കുകയും ചെയ്യണമെ എന്നാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ നാം ആവർത്തിക്കുന്നത്.

പുരോഹിതന്മാരെ അലങ്കരിക്കുന്നവനും അവരെ പൂർത്തീകരിക്കുന്നവനും അവരെ തന്റെ ശ്രീഭണ്ഡാരത്തിന് അവകാശികളാക്കുകയും ആവശ്യക്കാർക്ക് തന്റെ സമ്പത്തിനെ വിഭജിച്ചു കൊടുക്കുവാൻ അവരെ ചുമതലപ്പെടുത്തി ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോൽ അവരെ ഏൽപിക്കുകയും കെട്ടുവാനും അഴിക്കുവാനും അവരെ നിയോഗിക്കുകയും ചെയ്യുന്ന കർത്താവിന് സ്തുതി എന്ന് നാം പ്രാർത്ഥിക്കുമ്പോൾ പൗരോഹിത്യത്തിന്റെ അന്യൂനമായ സ്ഥാനം എത്ര ശ്രേഷ്ഠമാണെന്ന് ഓർക്കണം.

പ. സഭയുടെ പൗരോഹിത്യ സമ്പത്തിനെ ഓർത്ത് അവർക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുവാനുള്ള കടമ വിശ്വാസസമൂഹത്തിനുണ്ട്. വി. കുർബാനയുടെ അവസാനത്തിലുള്ള ആശീർവാദത്തിൽ വൈദികർ തന്നെ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെ എന്ന് അപേക്ഷിക്കുന്നു: "ഞാനോ ബലഹീനനും പാപിയുമായ ദാസനാകുന്നു; നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ." ഈ അപേക്ഷ കേവലം യാന്ത്രികമായി തീരരുത്. ഒപ്പം നമുക്കുവേണ്ടി ഒരു ബലിയെങ്കിലും അർപ്പിച്ചിട്ടുള്ള എല്ലാ പുരോഹിതരെയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുവാനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്.

അതികഠിന പ്രതിസന്ധികളുടെ മദ്ധ്യത്തിലും താലന്തുകളെ വർദ്ധിപ്പിച്ച് തന്നെ ഭരമേൽപിച്ച പ. സഭയെ ഭാസുരമാക്കിയ പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ് പിതാവിന്റെ ഓർമ്മയും ഈ ആഴ്ചയിൽ പ. സഭ ആഘോഷിക്കുന്നു.

"കൊള്ളാം ഉത്തമനും വിശ്വസ്തനുമായ ദാസാ!" എന്ന വിളിക്ക് നാമും യോഗ്യരായിതീരട്ടെ എന്ന് അവരുടെ മാദ്ധ്യസ്ഥത്തിൽ നമുക്കും ശരണപ്പെടാം. ❑

11.02.2022 ന് കൂടിയ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുത്ത് 25.02.2022 ന് കൂടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മുൻപാകെ നാമനിർദ്ദേശം ചെയ്യുന്ന മെത്രാപ്പോലീത്തൻ സ്ഥാനാർത്ഥികൾ



1. ഫാ. എബ്രഹാം തോമസ്, 2. ഫാ. അലക്സാണ്ടർ പി. ഡാനിയേൽ, 3. ഫാ. എൽദോ ഏലിയാസ്, 4. ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, 5. ഫാ. റജി ഗീവർഗീസ്, 6. ഫാ. പി. സി. തോമസ്, 7. ഫാ. വർഗീസ് കെ. ജോഷ്വ, 8. ഫാ. വർഗീസ് പി. ഇടിച്ചാണ്ടി, 9. ഫാ. വിനോദ് ജോർജ്, 10. ഫാ. യാക്കോബ് തോമസ്, 11.. ഫാ. സഖറിയാ നൈനാൻ ചിറത്തിലാട്ട്.

വലിയ ഇടയന്റെ പിറന്നാൾ മധുരത്തിനിടെ ദേവികയ്ക്ക് പഠനാമൃതം

പരുമല(പത്തനംതിട്ട) ▸ കടബാധ്യതയുടെ നടുവിൽ പഠനം വഴിമുട്ടിയ ദേവികയ്ക്ക് വലിയ ഇടയന്റെ 73-ാം പിറന്നാൾ ദിനത്തിൽ വീണ്ടും പഠിക്കാൻ സഹായം. ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയാണ് ഈ കുട്ടിക്ക് തുടർന്ന് പഠിക്കാൻ അവസരം ഒരുക്കുന്നത്. മെഡിക്കൽ കോളേജിൽ ഒപ്ടോമെട്രി അവസാന സെമസ്റ്റർ വിദ്യാർഥിനിയാണ് തിരുവല്ല സ്വദേശിനി ദേവിക. അവസാന സെമസ്റ്ററിലെ ഫീസ് ഇനത്തിൽ 2.39 ലക്ഷം അടയ്ക്കാനില്ലാത്തതിനാൽ പഠനം മുടങ്ങിയിരുന്നു.

ഓട്ടോറിക്ഷാ ഡ്രൈവറായ അച്ഛന്റെ വരുമാനംകൊണ്ടുമാത്രം കഴിയുന്ന കുടുംബത്തിന് ഭാരിച്ച തുക ഫീസായി നൽകാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസ ലോണും ലഭിക്കാതെ വന്നതോടെ പഠനം മുടങ്ങി. 'ഈ മോളെ ഒന്ന് സഹായിച്ചുകൂടേ' എന്ന തലക്കെട്ടിൽ വിദ്യാർഥിയുടെ അവസ്ഥ നാട് അറിഞ്ഞു. പണം ഇല്ലാത്തതിന്റെ പേരിൽ ആരുടെയും പഠനം നിഷേധിക്കരുതെന്ന വാക്കുകളുമായി കാതോലിക്കാബാവ ഇടപെടുകയായിരുന്നു.



▶ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയോടൊപ്പം ദേവികയും അച്ഛൻ സന്തോഷ് കുമാറും

കുടുംബത്തെ നേരിട്ടുകണ്ട അദ്ദേഹം തുടർന്ന് പഠിക്കാൻ ആവശ്യമായ എല്ലാ സഹായവുമൊരുക്കുമെന്ന് അറിയിച്ചു. 18 ജീവകാരുണ്യ പ്രസ്ഥാനങ്ങൾ നയിക്കുന്ന പരിശുദ്ധ ബാവായുടെ ജന്മദിനത്തിൽ ദേവികയുടെ കുടുംബവും പ്രാർഥനകളോടെ നന്ദി പറയുന്നു.

സഭാധ്യക്ഷനായി ചുമതലയേറ്റ ശേഷമുള്ള ആദ്യ പിറന്നാളാണിത്. മുൻഗാമി പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ നാമധേയത്തിൽ 'സഹോദരൻ' എന്ന മറ്റൊരു കാരുണ്യ പദ്ധതികൂടി ബാവയുടെ നേതൃത്വത്തിൽ ആരംഭിക്കും. ഭവനദാനം, വിദ്യാഭ്യാസ സഹായം, ചികിത്സാസഹായം, മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം, വാർദ്ധക്യ പരിചരണം, അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണം എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.



കാതോലിക്കാബാവ അനുശോചിച്ചു


ഇന്ത്യയുടെ വാനമ്പാടി പറന്നകന്നു. 35-ലേറെ ഇന്ത്യൻ-വിദേശ ഭാഷകളിലായി 30,000-ത്തിലധികം ഗാനങ്ങൾ ആലപിച്ചു. ഇന്ത്യൻ ജനതയെ സംഗീതത്തിൽ ലയിപ്പിച്ച അതുല്യപ്രതിഭ. അവരുടെ പാട്ടുകൾ കേട്ട് വളർന്ന തലമുറകൾക്ക് വികാരനിർഭരമായ നിമിഷമാണിത്. തളർന്ന മനസുകളെ ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും ലോകത്തേക്ക് കൈപിടിച്ചു നയിച്ച സംഗീതപ്രതിഭ. ഇന്ത്യൻ ജനതയുടെ മനസിൽ അലിഞ്ഞുചേർന്ന ആ സ്വർഗ്ഗീയനാദം ഈശ്വരചൈതന്യം നിറഞ്ഞവയായിരുന്നു. സംഗീതലോകത്തെ മഹാപ്രതിഭയുടെ വിയോഗ ദുഃഖത്തിൽ മലങ്കര ഓർത്തഡോക്സ് സഭയും പങ്കു ചേരുന്നു. ആദരവോടെ ആദരാഞ്ജലികൾ സമർപ്പിക്കുന്നു.

- പ. കാതോലിക്കാ ബാവ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്
തൃതീയൻ കാതോലിക്കാ ബാവാ
/ ഡോ. തോമസ് കുരുവിള

21–ാം നൂറ്റാണ്ടിന്റെ സുവിശേഷം

2022 ഫെബ്രുവരി 12–ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ 73–ാം വയസ്സിലേക്കു പ്രവേശിക്കുകയാണ്. ജന്മദിനത്തിന്റെ പശ്ചാത്തലത്തിൽ മുൻഗാമികളെപ്പറ്റി, കോവിഡാനന്തര ജീവിതത്തെപ്പറ്റി, ഭാവിപദ്ധതികളെപ്പറ്റി, മലങ്കര അസോസിയേഷനെപ്പറ്റി, എഴുത്തിനെയും വായനയെയുംപറ്റി പരിശുദ്ധ ബാവാ മലങ്കരസഭ പത്രാധിപസമിതി അംഗം ഡോ. തോമസ് കുരുവിളയോടു മനസ്സുതുറക്കുന്നു.



"നമുക്ക് ഒരുമിച്ച് കുറെ ദേവാലയങ്ങൾ കൂടി പണിയണം. ദൈവത്തിന്റെ പ്രതിരൂപങ്ങളായ മനുഷ്യർ താമസിക്കുന്ന മേൽക്കൂരകൾ തകർന്ന, ഭിത്തിപൊട്ടിയ ആലയങ്ങൾക്കുപകരം നമുക്കു പുതിയവ പണിയണം." കഴിഞ്ഞ ദിവസങ്ങളിൽ സമൂഹമാധ്യമങ്ങളിൽ തരംഗമായ പ്രഭാഷണശകലമാണിത്. "പണമില്ലാത്തതിന്റെ പേരിൽ ആരും ഭവനരഹിതരായി കഴിയരുത്. പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ നിഷേധിക്കപ്പെടരുത്. പണമില്ലാത്തതിന്റെ പേരിൽ ആരും വിശന്നിരിക്കരുത്. പണമില്ലാത്തതിന്റെ പേരിൽ ആരുടെയും വിദ്യാഭ്യാസമോ, വിവാഹമോ മുടങ്ങരുത്." കഴിഞ്ഞ മൂന്നു മാസക്കാലമായി കേരളത്തിലുടനീളം നിരവധി പൊതുസമ്മേളനങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന സുവിശേഷമാണിത്. സുവിശേഷകന്റെ പേര്; പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു മാസങ്ങൾക്കുള്ളിൽ 21-ാം നൂറ്റാണ്ടിന്റെ സുവിശേഷം തന്റെ വിശ്വാസിസമൂഹത്തിൽ മാത്രമല്ല, പൊതുസമൂഹത്തിലാകെ എത്തിക്കുവാൻ പരിശുദ്ധ പിതാവിനു കഴിഞ്ഞു. രാജ്യത്തെ പരമോന്നത നീതിപീഠത്തിൽ നിന്നും അന്തിമവിധിയും അന്തിമവിജയവും നേടിയ മലങ്കര ഓർത്തഡോക്സ് സഭയെ ഒരു പുതിയ ദൗത്യമേഖലയിലേക്കും ഒരു പുതിയ ലക്ഷ്യത്തിലേക്കും നയിക്കുക എന്ന നിയോഗമാണ് പരിശുദ്ധ പിതാവിനുള്ളത്. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നുള്ളത് വെറുതെ വായിച്ചുവിടാനുള്ളതല്ല, ജീവിച്ചുകാണിക്കുവാനുള്ളതാണ്" എന്ന പിതാവിന്റെ വാക്കുകളുടെ പൊരുൾ വർത്തമാനകാല സുവിശേഷദൗത്യത്തെ തന്നെയാണ് അർത്ഥമാക്കുന്നത്.

6

? അനുമോദന സമ്മേളനങ്ങളിലെ മറുപടിപ്രസംഗത്തിൽ, തിരുമേനി വളരെ സാന്ദർഭികമായി കവിതകൾ ചൊല്ലുന്നതു കേൾക്കുകയുണ്ടായി. ശാസ്ത്രവും വേദശാസ്ത്രവുമൊക്കെയാണ് മുഖ്യവിഷയമായി പഠിച്ചതെങ്കിലും ഭാഷയോടും സാഹിത്യത്തോടുമൊക്കെ തിരുമേനിക്ക് പ്രത്യേക താല്പര്യമുണ്ട്. തിരുമേനിയുടെ വായനയെയും എഴുത്തിനെയുംപറ്റി പറഞ്ഞു തുടങ്ങാമോ?

• കവിതകളോടാണ് എനിക്കു കൂടുതൽ താല്പര്യം. പഴയതലമുറയിൽ, ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ കവിതകൾ ഇഷ്ടമാണ്. ആ കവിതകളിൽ ഒരു ആധ്യാത്മികചൈതന്യമുണ്ട്.

"തൈ നട്ടുമൻപോടു തടം പിടിച്ചും
തണ്ണീർ തളിച്ചും തല വെട്ടിവിട്ടും
ആരും പുലർത്താത്തൊരു നിൻ ചെടിക്കെന്താപ-
ത്തനാഥനാശ്രയമാണു ദൈവം."

എന്ന വരികളൊക്കെ ആശയസമ്പുഷ്ടമാണ്. ഒരുപക്ഷേ, ഞാനൊരു ദരിദ്രകുടുംബത്തിൽ ജനിച്ചതുകൊണ്ടും അതനുസരിച്ചു വളർന്നതുകൊണ്ടുമായിരിക്കാം ആ കവിതയിലെ വരികൾ കുട്ടിക്കാലത്തുതന്നെ എന്നെ സ്വാധീനിച്ചിട്ടുണ്ട്. അതുപോലെ സിസ്റ്റർ മേരി ബനീഞ്ഞയുടെ കവിതകൾ... പത്താം ക്ലാസ്സിലെഉപപാഠപുസ്തകത്തിൽ പഠിക്കുവാനുണ്ടായിരുന്നു. അതിലെ ഒരു കവിതയാണ് 'ലോകമേ യാത്ര.'

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും അമർന്നുപോയി. കാലചക്രവിഭ്രമത്തിലെങ്കിലീ-നമുക്കു പിന്നെയെന്തു ശങ്ക! മാറ്റമൊന്നുമില്ലിതിൽ."

"ഇഹത്തിലെ ധനം സുഖം യശസ്സുമാദിജാതൃവും
വഹിച്ചുകൊണ്ടു പോകയില്ല മർത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴക്കു പെട്ടിടാത്ത പുണ്യമൊന്നു താൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും."

ഇങ്ങനെ അതിലെ എത്ര വരികൾ വേണമെങ്കിലും ഓർത്തെടുക്കുവാൻ കഴിയും.

...ആധുനിക കവികളിൽ സുഗതകുമാരി ടീച്ചറിന്റെ കവിതകളോടാണ് ആഭിമുഖ്യം തോന്നിയിട്ടുള്ളത്. പാവങ്ങളോടും പ്രകൃതിയോടുമൊക്കെ അനുഭാവമുള്ള കവിതകളാണ് അത്. ഒരു ആധ്യാത്മികചൈതന്യം ആ കവിതകളിലും കാണാം.

? തിരുമേനി എപ്പോഴെങ്കിലും കവിതയെഴുത്തിലേക്കു കടന്നിട്ടുണ്ടോ?

• സ്കൂളിലും കോളേജിലും പഠിച്ചിരുന്നതായ സമയത്ത് മാഗസിനുകളിൽ കവിത എഴുതിയിട്ടുണ്ട്. വൈദികസെമിനാരിയിൽ പഠിക്കുന്ന കാലത്തും കവിതകൾ എഴുതിയിട്ടുണ്ട്. അതൊക്കെ ആരാധനാഗീതങ്ങളാണ്. കോരുത് മല്പാനച്ചൻ സുറിയാനിയിൽനിന്ന് പരിഭാഷപ്പെടുത്തിത്തരുന്നത് അച്ചന്റെ നിർദ്ദേശപ്രകാരം കവിതാരൂപത്തിൽ ചിട്ടപ്പെടുത്തുമായിരുന്നു. നാം ഇപ്പോൾ ആരാധനയിൽ ഉപയോഗിക്കുന്ന 'നാഥാ സവിധേ ഉൾപ്രാകാരേ' എന്നു തുടങ്ങുന്ന ഗീതം അങ്ങനെ എഴുതിയതാണ്. അതുപോലെ, അജ്ഞാനാന്ധത നീക്കിടുവാൻ... എന്നു തുടങ്ങുന്ന സെമിനാരിഗീതം, കോരുത് അച്ചൻ സുറിയാനിയിൽ എഴുതി ഞാൻ മലയാള പരിഭാഷ നിർവ്വഹിച്ചതാണ്. പിന്നീട് വൈദികനായി, മെത്രാനായി ഉത്തരവാദിത്വങ്ങൾ കൂടിയപ്പോൾ വായനയ്ക്കും എഴുത്തിനുമൊക്കെ സമയം കുറഞ്ഞു. ഈ കോവിഡ് കാലത്ത് ഞാൻ എഴുതിയ ഒരു പുസ്തകം (കവിതയല്ല) പ്രസിദ്ധീകരിക്കാമെന്നു കരുതുന്നു.

?ഈ കോവിഡ് കാലം ഒരുപാട് കാര്യങ്ങൾ നമ്മെ പഠിപ്പിച്ചു. അതിലൊന്ന് നമ്മുടെ പെരുന്നാളുകൾ മുതൽ വിവാഹവും ശവസംസ്കാരവും വരെ വളരെ ലളിതമായി നടത്തുവാൻ നാം നിർബന്ധിതരായി എന്നതാണ്. കോവിഡാനന്തരലോകത്തിന്റെ പുനഃസൃഷ്ടിക്ക് 'മിനിമലിസ' (Minimalism)ത്തിന്റെ ഈ പ്രായോഗികപാഠങ്ങൾ ഉപകരിക്കുമെന്നു കരുതാമോ?

അങ്ങനെ പ്രതീക്ഷിക്കുന്നതിൽ വലിയ കാര്യമുണ്ടെന്നു തോന്നുന്നില്ല. ഇത് അടിച്ചേല്പിക്കപ്പെട്ട ഒരു ലാളിത്യമാണ്. മനുഷ്യൻ മരണത്തെ ഭയന്നു സ്വീകരിച്ച ലാളിത്യമാണ്. മരണത്തിന്റെ ഭയാശങ്കകൾ മാറിക്കഴിയുമ്പോൾ മനുഷ്യൻ പഴയ ജീവിതത്തിലേക്കു തിരിച്ചുപോകും എന്നാണ് എന്റെ ചിന്ത. മനുഷ്യർ അനധികൃതമായി സമ്പാദിക്കുന്ന ധനം എങ്ങനെ ചിലവഴിക്കണമെന്ന ചിന്തയാണ് ആർഭാടവും ധൂർത്തും കാട്ടുന്നതിന് വരെ അവരെ പ്രേരിപ്പിക്കുന്നത്.

? കഴിഞ്ഞ മൂന്നു മാസങ്ങളിലായി നിരവധി സ്വീകരണ സമ്മേളനങ്ങളിലാണ് തിരുമേനി പങ്കെടുത്തത്. കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും വളരെ വൈകാരികവും ഹൃദയസ്പർശിയുമായ രീതിയിലാണ് വിശ്വാസിസമൂഹവും പൊതുസമൂഹവും തിരുമേനിയെ വരവേല്ക്കുന്നത്. ഇതിനെ തിരുമേനി എങ്ങനെയാണ് നോക്കിക്കാണുന്നത്?

ഈ സ്വീകരണങ്ങളോ, അനുമോദനങ്ങളോ ഞാൻ വ്യക്തിപരമായി കാണുന്നില്ല. ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനെ വിശ്വാസിസമൂഹവും പൊതുസമൂഹവും ആദരിക്കുന്നു, ബഹുമാനിക്കുന്നു. 'അതുകൊണ്ട് ഞാൻ അതു വിലക്കുന്നില്ല. മലങ്കരസഭയോടുള്ള ബഹുമാനവും സ്നേഹവും വെളിപ്പെടുന്ന സന്ദർഭമാണത്. മനുഷ്യന് ബുദ്ധി മാത്രമല്ല, വികാരവുമുണ്ട്. അതുകൊണ്ട് വൈകാരികതലങ്ങളെയും പോഷിപ്പിക്കേണ്ടതുണ്ട്.' സഭയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുന്നതിൽ തെറ്റില്ല. 'ജയ്' വിളിക്കുന്നതും ബഹുമതിപത്രം തരുന്നതുമൊക്കെ സഭയോടുള്ള സ്നേഹംകൊണ്ടാണ്. അത് നിയന്ത്രണം വിട്ടുപോകരുതെന്നു മാത്രം. നല്ല കാര്യങ്ങൾ ചെയ്യാനുള്ള പണം ധൂർത്തടിച്ചു കളയരുത്. പലതരം കർമ്മപദ്ധതികളിലൂടെ മറ്റുള്ളവർക്കു പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കണം.

? തിരുമേനി ആരോഗ്യം ശ്രദ്ധിക്കുന്നില്ല, വിശ്രമിക്കുന്നില്ല എന്നു പരാതിയുണ്ട്. തിരുമേനിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പരിഹാരനടപടികൾ ഉണ്ടാകുമോ?

തീർച്ചയായും. കഴിഞ്ഞ രണ്ടുമൂന്നു മാസക്കാലമായി എനിക്കു നിയന്ത്രിക്കാൻ സാധിക്കാത്ത രീതിയിലുള്ള വിധത്തിൽ ധാരാളം പരിപാടികളിൽ പങ്കെടുക്കേണ്ടതായി വന്നു. അനേകം ആളുകൾ എന്നെ വിളിച്ച് പറഞ്ഞു, തിരുമേനി ഇങ്ങനെ വിശ്രമമില്ലാതെ പ്രവർത്തിക്കരുത് എന്ന്. മലങ്കര സഭയ്ക്കുവേണ്ടിയാണ് പറയുന്നതെന്ന് ഒടുവിൽ ജോഷ്വാ അച്ചൻ വിളിച്ചു പറഞ്ഞു. ജനുവരി 21-ാം തീയതി ഞാൻ പരിപാടികൾ റദ്ദുചെയ്തു. ഒന്നുരണ്ടാഴ്ച വിശ്രമത്തിനായി തിരഞ്ഞെടുത്തു.

? എത്ര തിരക്കുണ്ടെങ്കിലും പ്രഭാതനടത്തത്തിനു സമയം കണ്ടെത്തിയിരുന്ന ആളാണ് തിരുമേനി... ദിനചര്യയിലൊക്കെ മാറ്റം വന്നോ?

ഞാൻ രാവിലെ 3.50-ന് എഴുന്നേല്ക്കും. രാത്രി നമസ്കാരത്തിനുമുമ്പായി 40 മിനിറ്റ് നടക്കും. വി. കുർബ്ബാന ഇല്ലാത്ത ദിവസങ്ങളിലേ പ്രഭാതനടത്തം പതിവുള്ളൂ. കുറച്ചുനാളായി മുടങ്ങിപ്പോയിരുന്നെങ്കിലും ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

? മുൻഗാമിയും ഭാഗ്യസ്മരണീയനുമായ പ. പൗലോസ് ദ്വിതീയൻ ബാവായും തിരുമേനിയും തമ്മിൽ ഊഷ്മളമായ ബന്ധമാണ് ഉണ്ടായിരുന്നത്. പ. പൗലോസ് ദ്വിതീയൻ ബാവായെ അനുസ്മരിക്കാമോ?

പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി ശെമ്മാശനായിരുന്ന കാലം മുതൽ എനിക്കറിയാം. എറണാകുളം സെന്റ് മേരീസ് പള്ളിയിൽ പോൾ അച്ചൻ വികാരിയായിരുന്ന കാലത്ത് ഞാൻ അവിടെ പോകുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഞാൻ കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയിൽ വന്നപ്പോൾ ഞങ്ങൾ തമ്മിൽ കൂടുതൽ അടുപ്പമുണ്ടായി. എന്റെ മുൻഗാമിയായിരുന്ന പക്കോമിയോസ് തിരുമേനി

ശേഷം 11-ാം പേജിൽ

അഭിമുഖം തുടർച്ച....

(ജോസഫ് മാർ പക്കോമിയോസ്) യോടുള്ള ആത്മബന്ധത്തിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹത്തിന്റെ പിൻഗാമി എന്ന നിലയിലാണ് എന്നോടുള്ള സ്നേഹം. പ്രത്യേകിച്ച് കണ്ടനാട് ഭദ്രാസനം നേരിട്ട പ്രതിസന്ധികളിൽ പക്കോമിയോസ് തിരുമേനിയോടു താദാത്മ്യം പ്രാപിച്ചതുപോലെ എന്നോടും താദാത്മ്യപ്പെട്ടു. സഭയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചും കാതോലിക്കേറ്റിനെ സംബന്ധിച്ചുമൊക്കെ ഞങ്ങൾക്ക് ഒരേ വീക്ഷണമായിരുന്നു. അതുപോലെ വട്ടശ്ശേരിൽ തിരുമേനിയോടും കുറിച്ചി ബാവായോടും വട്ടക്കുന്നേൽ ബാവായോടുമൊക്കെ അദ്ദേഹത്തിന് പ്രത്യേക സ്നേഹവും ആദരവും ഉണ്ടായിരുന്നു. എനിക്കും ഈ പിതാക്കന്മാരോട് പ്രത്യേക അടുപ്പം ഉണ്ടായിരുന്നു. അതുപോലെ എന്തിലും സുതാര്യത വേണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്. സമ്പത്തിനോട് തിരുമേനിക്ക് താല്പര്യമില്ലായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ കിട്ടുന്ന സമ്പത്ത് പാവപ്പെട്ടവർക്ക് കൊടുക്കുവാൻ ഒരു മടിയുമില്ലായിരുന്നു. ഇങ്ങനെ ഞങ്ങളെ തമ്മിൽ അടുപ്പിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന് എന്നിൽ ഒരു 'കോൺഫിഡൻസ്' ഉണ്ടായിരുന്നു. സഭാകേസിനെ സംബന്ധിച്ചോ ആരാധനയെ സംബന്ധിച്ചോ എന്തെങ്കിലും സംശയം ഉണ്ടായാൽ എന്നോട് ചോദിക്കും. എന്റെ സംശയങ്ങൾ തിരുമേനിയോടും ചോദിക്കുമായിരുന്നു. അങ്ങനെ ഞങ്ങൾ തമ്മിൽ നല്ല ഊഷ്മളമായ ബന്ധമായിരുന്നു.

? പൂർവ്വഗാമികളായ കാതോലിക്കാമാരിൽ തിരുമേനിയെ സ്വാധീനിച്ചതാരെല്ലാമാണ്?

ഞാൻ വാഴൂർ പള്ളിയിൽ സൺഡേ സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാൽകഴുകൽ ശുശ്രൂഷയിൽ സംബന്ധിച്ചിട്ടുണ്ട്. ഏലിയാ കത്തീഡ്രലിൽവെച്ചായിരുന്നു ശുശ്രൂഷ. തിരുമേനിയുടെ ശുശ്രൂഷയിൽ സംബന്ധിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. ആ സന്ദർഭം മാത്രമേ തിരുമേനിയെപ്പറ്റി എന്റെ ഓർമ്മയിൽ ഉള്ളൂ. പരിശുദ്ധ ഔഗേൻ ബാവായുടെ കാലത്താണ് ഞാൻ വൈദികസെമിനാരിയിൽ പഠിക്കുന്നത്. ബാവാ സെമിനാരിയിൽ ഇടയ്ക്ക് വരുമ്പോൾ കാണും. ഞാൻ രണ്ടാംവർഷം പഠിക്കുമ്പോൾ കാതോലിക്കേറ്റിന്റെ ചരിത്രത്തെക്കുറിച്ച് ഒരു ലേഖനമത്സരത്തിൽ പങ്കെടുത്തു. ഞാൻ ഔഗേൻ ബാവായെ കണ്ട് കാതോലിക്കാ-പാത്രിയർക്കീസ് ബന്ധത്തെപ്പറ്റി അഭിപ്രായം ആരാഞ്ഞു. "എന്താ കുഞ്ഞേ, നമ്മൾ എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളാണ്. കുടുംബപ്പേര് ഒന്നാണ്. ചേട്ടന്റെ വീട് ചേട്ടന്. അനിയന്റെ വീട് അനിയന്." അങ്ങനെ ഗഹനമായ ഒരു വിഷയത്തെ വളരെ ലളിതമായി പറഞ്ഞുതന്നതോർക്കുന്നു.


പ. മാത്യൂസ് പ്രഥമൻ ബാവായെ ഞാൻ ഒരു Iconic person ആയിട്ടാണ് കാണുന്നത്. ഞാൻ സെമിനാരിയിൽ പോകുവാൻ ആഗ്രഹിച്ചപ്പോൾ തിരുമേനിയോട് ചോദിച്ചിട്ടാണ് പോയത്. ആരാധനാകാര്യങ്ങൾ, സഭയോടുള്ള സ്നേഹം, ആ പിതാവിന്റെ ഡിസിപ്ലിൻ (Discipline) ഒക്കെ എന്നെ വലിയതോതിൽ സ്വാധീനിച്ചിട്ടുണ്ട്. പ. മാത്യൂസ് ദ്വിതീയൻ ബാവായാണ് എന്നെ കണ്ടനാട്, ഇടുക്കി, കോട്ടയം ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്താ ആയി നിയമിച്ചത്. പിന്നീട് കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല തന്നു. 1995-ലെ കോടതിവിധിക്കുശേഷം കേസുകളുടെ നടത്തിപ്പും എന്നെ ഏല്പിച്ചു. തുടർന്നുവന്ന പ. ദിദിമോസ് ബാവായും പ. പൗലോസ് ദ്വിതീയൻ ബാവായും അതു തുടർന്നു.

? പ്രതീക്ഷ മുതൽ പ്രശോഭവരെ 17 ജീവകാരുണ്യപ്രസ്ഥാനങ്ങളാണ് കണ്ടനാട് ഭദ്രാസനത്തിൽ നടന്നുവരുന്നത്. തിരുമേനി സഭാധ്യക്ഷസ്ഥാനത്ത് അവരോധിക്കപ്പെട്ടപ്പോൾ എല്ലാ ഭദ്രാസനത്തിലേക്കും ഇതിന്റെ തുടർച്ചകൾ ഉണ്ടാകുമോ എന്നാണ് സഭാജനങ്ങൾ ഉറ്റുനോക്കുന്നത്.

കണ്ടനാട് ഭദ്രാസനത്തിൽ എന്റെ മുൻഗാമിക്ക് ഒരു സ്മാരകം വേണം എന്ന നിലയിൽ 'പ്രതീക്ഷ' എന്ന സ്ഥാപനം തുടങ്ങി എന്നേയുള്ളൂ; ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കുവേണ്ടി. തുടർന്ന് അവരുടെ പ്രായമായവരെ സംരക്ഷിക്കേണ്ടിവന്നു. അങ്ങനെയാണ് 'പ്രശാന്തി'യുടെ ആരംഭം. അപ്പോൾ ഭിന്നശേഷിയുള്ള പുരുഷന്മാർക്കുവേണ്ടിയുള്ള സ്ഥാപനത്തിന്റെ ആവശ്യം വന്നു; 'പ്രത്യാശ' തുടങ്ങി. ഓരോന്നും ഓരോ ആവശ്യം വന്നപ്പോൾ തുടങ്ങിയതാണ്. അതിനൊക്കെ അതത് കാലത്ത് അഭ്യുദയകാംക്ഷികൾ കടന്നുവന്നു. സഭയുടെ നേതൃത്വത്തിൽ ബൃഹത്തായ ഒരു ജീവകാരുണ്യപദ്ധതിയെക്കുറിച്ച് ഇപ്പോൾ ആലോചനയിലാണ്. എന്റെ ഉത്തരവാദിത്തത്തിൽ സഭാജനങ്ങൾക്കു മാത്രമല്ല, പൊതുസമൂഹത്തിനു മുഴുവൻ ഉപകരിക്കത്തക്ക രീതിയിൽ ഉള്ള ഒരു പദ്ധതി... ഒരു മാസത്തിനകം എല്ലാവരെയും അറിയിക്കാം എന്നു കരുതുന്നു.

? ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടക്കുന്ന അസോസിയേഷന്റെ പ്രാധാന്യം എന്താണ്?

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഏഴു മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കുക എന്നതുതന്നെയാണ് ഈ അസോസിയേഷന്റെ പ്രാധാന്യം. ഈ മാനേജിങ് കമ്മറ്റിയുടെ കാലാവധി തീരുന്നതിനുമുമ്പ് അസോസിയേഷൻകൂടി മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കണം. അതുകൊണ്ടാണ് അത് ഫെബ്രുവരിയിൽ തന്നെ നടത്താൻ തീരുമാനിച്ചത്.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സ്നേഹത്തിന്റെ സ്വാതന്ത്ര്യം

ഒരു മഹാ രഹസ്യം

യാഥാർത്ഥ്യത്തിന്റെ ഹൃദയസ്ഥാനത്ത് ഒരു മഹാ രഹസ്യമായി, പരിശുദ്ധാത്മാവിലുള്ള സർഗ്ഗാത്മക സ്വാതന്ത്ര്യത്തോടൊപ്പം എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന സ്നേഹം. ഒരു മനുഷ്യന്റെ ദർശനം. ഒരു ആദ്ധ്യാത്മിക ആത്മകഥ

പൗലോസ് മാർ ഗ്രീഗോറിയോസ്


വിവർത്തനം: എം. കുര്യൻ

2

കഷ്ടപ്പാട്: രഹസ്യത്തിലേക്കുള്ള താക്കോൽ

കൗമാരത്തിലെ വ്യഥകൾ

കഷ്ടത, അത് ഏത് രൂപത്തിലായാലും, ഇല്ലാതാക്കുകയോ രക്ഷപ്പെടുകയോ ഒഴിവാക്കുകയെങ്കിലുമോ ചെയ്യേണ്ട ഒന്നായി ജനങ്ങൾ കരുതുന്നതായി തോന്നുന്നു. അടിസ്ഥാനപരമായി നല്ലതും അഭികാമ്യവുമായി കഷ്ടപ്പാടിനെ പരിഗണിക്കാൻ സന്നദ്ധരാവുന്നവർ വളരെ ചുരുക്കം. യഥാർത്ഥത്തിൽ സ്വർഗ്ഗം, പറുദീസാ, മോക്ഷം, നിർവാണം എന്നിവയെപ്പറ്റിയുള്ള നമ്മുടെ ധാരണകൾ; ആനന്ദം, ആസ്വാദനം എന്നിങ്ങനെ കഷ്ടപ്പാടിന് നേരെ കടകവിരുദ്ധമായ ചില ആശയങ്ങളിൽനിന്ന് രൂപപ്പെടുത്തിയെടുത്തിട്ടുള്ളതാണെന്ന് തോന്നുന്നു. കഷ്ടപ്പാട്, ഏത് വിധമായാലും ഒരു യാഥാർത്ഥ്യമോ അല്ലെങ്കിൽ ഒരു സാധ്യതയെങ്കിലുമോ ആയിരിക്കാനാവില്ല. ഇതാണ് മുൻപറഞ്ഞ അനുഗൃഹീതവും കാമ്യവുമായ അവസ്ഥയുടെ അവശ്യഘടകം എന്നു ധരിച്ചിരിക്കുന്നുവെന്ന് സാരം.



വേറൊരുവിധത്തിൽ ചിന്തിച്ചാൽ, കഷ്ടപ്പാട് - ഭാവനാപരമോ അഭിനയമോ യഥാർത്ഥമോ ആയിക്കൊള്ളട്ടെ -മറ്റു മനുഷ്യരുടെ സഹാനുഭൂതിയും സ്നേഹവും നേടുന്നതിനുള്ള മാർഗമായി ഉപയോഗിക്കുന്ന ആളുകളുണ്ട്. ചിലപ്പോൾ ഞാനും ആ ദിശയിൽ ചരിക്കാനുള്ള അപകടമുണ്ടെന്നു തോന്നിപ്പോകുന്നു. കഷ്ടപ്പാടിന്റെ പ്രയോജനങ്ങളെപ്പറ്റി ചില കാര്യങ്ങൾ പിന്നീടു പ്രസ്താവിച്ചുകൊള്ളാം.


എന്റെ ഒരു സുഹൃത്തായ ഡോക്ടർ ഒരിക്കലെന്നോട് ഇങ്ങനെ പറയുകയുണ്ടായി. രോഗികളായി തന്റെ അടുക്കൽ വരുന്നവരിൽ 60% പേർക്കും ശാരീരികമായ എന്തെങ്കിലും രോഗമുള്ളതായി കണ്ടുപിടിക്കുവാനാവുന്നില്ലെന്ന്. പ്രത്യേകിച്ച് നമ്മുടെ ഭാരതസംസ്കാരത്തിൽ ഒരു സർക്കാർ ആശുപത്രിയിൽ പോകാൻ വലിയ ചെലവൊന്നുമില്ലാത്ത നിലയ്ക്ക്. ഒരു ആശുപത്രിയിൽ ചികിത്സയ്ക്കുപോകാൻതക്ക വിധം രോഗമുണ്ടെന്നു നിങ്ങൾ പറയുന്നപക്ഷം, കുടുംബാംഗങ്ങൾ നിങ്ങൾക്കു പ്രത്യേക പരിഗണന നൽകേണ്ടതായുണ്ട്-എപ്പോഴും കിട്ടാത്ത ഒരു പദവിയാണത്. ഇത്തരക്കാരോട് അവർക്കു കുഴപ്പമൊന്നുമില്ലെന്നു തുറന്നു പറയുന്നതാണ് അവരോടു ചെയ്യാവുന്ന ഏറ്റവും മോശമായ അപകാരമെന്ന് എന്റെ ഡോക്ടർ സുഹൃത്ത് പറഞ്ഞു. അവരെ കൂടുതൽ ഗൗരവത്തോടെ പരിഗണിക്കുന്ന മറ്റൊരു ഡോക്ടറെ തേടിപ്പോകും അവർ. അക്കാരണത്താൽ എന്റെ സുഹൃത്ത് അവർക്ക് നിരുപദ്രവകരമായ കുറെ ഗുളികകളോ കുടിക്കാൻ മരുന്നോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകുകയാണ് പതിവ്. ഈ ചികിത്സാവിധി ഫലിക്കുകതന്നെ ചെയ്യും! രോഗങ്ങൾ സ്വയം പൊറുപ്പിക്കുന്നതിന് ശരീരത്തിന് സ്വതേ ഒരു കഴിവുണ്ടല്ലോ.

ബുദ്ധമതത്തിൽ, വീണ്ടെടുക്കപ്പെടാത്ത മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരവും അഭിവ്യാപകവുമായ പ്രശ്നമെന്ന നിലയിൽ കഷ്ടപ്പാട് അഥവാ ദുഃഖം കേന്ദ്രസ്ഥാനത്ത് നിൽക്കുന്നു. ദുഃഖം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ഇംഗ്ളീഷിൽ suffering എന്ന വാക്കുകൊണ്ട് അഭിവ്യഞ്ജിപ്പിക്കുന്നത് മാത്രമല്ല. വിശ്രമരാഹിത്യം, സങ്കടം, അസ്വാസ്ഥ്യം, ഭാഗ്യവിപര്യയം, അസംതൃപ്തി, സമ്മർദ്ദം, സംഘർഷം, ആകുലചിന്ത, ഉൽക്കണ്ഠ, അസന്തുഷ്ടി, വേദന, കഠിനവേദന, പ്രലാപം, ഏതു രൂപത്തിലുള്ള ദുരിതവും - ഇവയെല്ലാം അതിന്റെ പരിധിയിൽ വരും. ബുദ്ധമതത്തിൽ 'ദുഃഖം', പ്രബുദ്ധതയും വിമോചനവും പ്രാപിക്കുന്നതിനുമുമ്പുള്ള മനുഷ്യജീവിതത്തിന്റെ സാർവത്രികവും അപരിഹാര്യവുമായ കൂടപ്പിറപ്പാണ്. ദുഃഖത്തിൽ നിന്നു കരകയറാനുള്ള ഏകമാർഗം അതിന്റെ മൂലകാരണം കണ്ടെത്തി അത് നശിപ്പിക്കുകയും നിർവാണമോ യഥാർത്ഥ വിമോചനമോ പ്രാപിച്ച്, ജനനത്തിന്റെയും പുനർജനനത്തിന്റെയും ശല്യഹേതുകവും അനുസ്യൂതവുമായ ചക്രവ്യൂഹത്തിൽ നിന്ന് രക്ഷപ്പെടുകയുമാണ്. മൂലകാരണം അതായത് ഹേതു എല്ലായ്പ്പോഴും തൃഷ്ണ (ആഗ്രഹം അല്ലെങ്കിൽ ആസക്തി) യാണ് - അനുഭവത്തിനുവേണ്ടിയുള്ള അത്യാവേശം, നിരവധി കാര്യങ്ങൾക്കായുള്ള ദുരാർത്തി, സമ്പാദിക്കാനും കൈവശം വയ്ക്കാനുമുള്ള അത്യാർത്തി, പ്രവർത്തിക്കാനും പ്രസംഗിക്കാനുമുള്ള തീവ്രാഭിലാഷം, പണത്തിനും സുഖത്തിനും അധികാരത്തിനും അധിനിവേശത്തിനും പ്രശസ്തിക്കും കീർത്തിക്കും വേണ്ടിയുള്ള അമിതാസക്തി- തൃപ്തിയടയുന്നതിനുവേണ്ടിയുള്ള ഒരിക്കലും സംതൃപ്തമാകാത്ത ആഗ്രഹം; തൃപ്തി ആത്യന്തികമായി ആസക്തി വർദ്ധിപ്പിക്കുന്നതേയുള്ളു. ഒരിക്കൽ തൃഷ്ണ ശമിച്ചുകഴിഞ്ഞാൽ, കഷ്ടപ്പാട് അവസാനിക്കുന്നു. 'ധർമ'ത്തിലൂടെയും - അതായത് യാഥാർത്ഥ്യത്തെ അതിന്റെ ശരിയായ സ്ഥിതിയിൽ ഗ്രഹിക്കുന്നതിലൂടെ -, സംഘത്തിലൂടെയും - അതായത് ധർമം പ്രയോഗത്തിലാക്കുന്ന സമൂഹത്തിലൂടെ -, 'വിനയ'ത്തിലൂടെയും- അതായത് ഭിക്ഷുവിനെ തൃഷ്ണയകറ്റാൻ പരിശീലിപ്പിക്കുന്ന ശിക്ഷണത്തിലൂടെ - എങ്ങനെ ആഗ്രഹത്തെ നിഗ്രഹിക്കാം എന്നതാണ് ബുദ്ധന്റെ പ്രബോധനങ്ങളുടെ മൗലികഭാഗം.

പതിമൂന്നു വയസ്സുള്ളപ്പോൾ ബുദ്ധമതത്തെപ്പറ്റി എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ഞാൻ വളരെയേറെ കഷ്ടത അനുഭവിച്ചറിഞ്ഞു. അന്നെനിക്ക്

ബുദ്ധധർമ്മം അറിയുമായിരുന്നെങ്കിൽ കഷ്ടതയിൽനിന്നു കരകയറാനുള്ള മാർഗം അതെനിക്ക് കാണിച്ചുതരുമായിരുന്നുവെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. പക്ഷേ ഇത്തരം ചിന്ത എന്നെ എവിടേക്കും നയിക്കുന്നില്ല. കൗമാരത്തിലെ എന്റെ കഷ്ടതയെപ്പറ്റി ഒരു വിവരണം നിങ്ങൾക്കു ഞാൻ നൽകുകയാണ് വേണ്ടത്. കഷ്ടപ്പാടൊക്കെ ആരംഭിക്കുന്നതിനു മുമ്പുള്ള എന്റെ ബാല്യകാലം മിക്കവാറും പ്രശാന്തമായിരുന്നതുകൊണ്ട്, എന്നെ സംബന്ധിച്ചിടത്തോളം കൗമാരം ഒരു നരകം തന്നെയായിരുന്നു. അതിൽനിന്നു കരകയറാൻ ഞാൻ ഒരു മാർഗവും കണ്ടില്ല.

മനുഷ്യജീവിതത്തിൽ ഏറ്റവും വ്യക്തിപരവും ദൃഢബദ്ധവുമായ അനുഭവമാണ് കഷ്ടപ്പാട്. “ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാൻ ഉണ്ട്” (I think, therefore I am) എന്ന് ഡക്കാർത്ത് പറഞ്ഞുതുടങ്ങിയപ്പോൾതന്നെ അദ്ദേഹത്തിനു തെറ്റുപറ്റി. ബുദ്ധിജീവികൾ ഒഴികെയുള്ള മിക്ക സാധാരണക്കാർക്കും പറയുവാൻ കഴിയുന്നത് ഈ വിധത്തിലായിരിക്കും: “ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്, ഞാൻ ചിന്തിക്കുന്നു...”(I think, therefore I am, I think...). ചിന്തയുടെ പ്രവർത്തനം സംബന്ധിച്ചു ഡക്കാർത്തയുടെ നിശ്ചയദാർഢ്യം സാധാരണക്കാരിൽ കാണുകയില്ല. ദൈനംദിന ജീവിതത്തിൽ നിന്ന് അകന്നുനില്ക്കുന്ന ചിന്തകർക്കാണ് ചിന്തയുടെ സുനിശ്ചിതത്വം സംബന്ധിച്ച് പറയുവാൻ കഴിയുക. നേരെമറിച്ച് ഡക്കാർത്ത് “ഞാൻ കഷ്ടപ്പെടുന്നു, അതുകൊണ്ടു ഞാൻ ഉണ്ട്” എന്ന് പറഞ്ഞുകൊണ്ട് ആരംഭിച്ചിരുന്നെങ്കിൽ ഒരുപക്ഷേ അദ്ദേഹം വളരെ ഭിന്നമായ നിഗമനങ്ങളിൽ എത്തുമായിരുന്നിരിക്കണം. കുറഞ്ഞപക്ഷം, സാധാരണക്കാർക്കു മനസ്സിലാകുന്ന രീതിയിൽ എഴുതാനെങ്കിലും അദ്ദേഹത്തിനു കഴിഞ്ഞേനേ. കാരണം, എന്റെ കഷ്ടപ്പാട് എന്റേതു മാത്രം. തികച്ചും വ്യക്തിപരമായി, ഉറ്റരീതിയിൽ. മറ്റുള്ളവർക്ക് മനസ്സിലായില്ലെങ്കിലും എനിക്കത് ഒരിക്കലും സംശയിക്കാനാവില്ല. സാർവ്വത്രികനായ “ഞാൻ” ഒരു ചിന്തകൻ എന്നതിനേക്കാൾ കൂടുതലായി കഷ്ടപ്പെടുന്നവനാണ്. ചെക്കോസ്ളോവാക്കിയക്കാരനായ ദാർശനികനും നോവലിസ്റ്റുമായ മിലാൻ കുണ്ടേര ഈ വസ്തുത *Immortality* (അനശ്വരത) എന്ന നോവലിൽ പറഞ്ഞിട്ടുണ്ടെന്നാണെന്റെ ഓർമ്മ.



പ്രശാന്തമായ ബാല്യകാലം

എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ബാല്യകാലസ്മരണകൾ കുറവാണ്. സാഹസകൃത്യങ്ങളൊന്നുംതന്നെയില്ല. ജീവിതചക്രവാളം വളരെ പരിമിതമായിരുന്നു. എന്റെ ഇളയ രണ്ട് സഹോദരന്മാരുടെ ജനനം പോലും എനിക്ക് ഓർമ്മ വരുന്നില്ല. സ്കൂളിൽ പോക്ക്, ഞായറാഴ്ചകളിൽ പള്ളിയിൽ പോക്ക്, ആറുമൈലിനുള്ളിൽ പാർക്കുന്ന ചില അമ്മാച്ചന്മാരെയും ബന്ധുക്കളെയും ഇടയ്ക്കിടയ്ക്ക് സന്ദർശിക്കൽ-ഇതിലൊക്കെ ഒതുങ്ങിനിന്നു എന്റെ അനുഭവങ്ങൾ. ചിലപ്പോൾ എന്റെ പിതാവ്, ചില അമ്പലങ്ങളിലെ ഉത്സവങ്ങൾക്ക് എന്നെ കൂടെക്കൊണ്ടുപോകും. സായാഹ്നങ്ങളിൽ അത്താഴം കഴിഞ്ഞാണ് പുറപ്പെടുന്നത്. കഥകളി കാണുകയാണ് മുഖ്യലക്ഷ്യം. തുറന്ന മൈതാനത്ത് രാത്രികാലങ്ങളിലാണ് അരങ്ങേറ്റം. ഏതാണ്ട് ഒമ്പതുമണിയോടെ ആരംഭിക്കുന്ന കഥകളി വെളുപ്പാൻകാലംവരെ നീണ്ടുപോകും. ചിലപ്പോൾ ഉത്സവത്തോടനുബന്ധിച്ചുള്ള വെടിക്കെട്ട് കാണാനും പോകാറുണ്ട്. എന്റെ ജന്മനാടായ തൃപ്പൂണിത്തുറയിൽ ‘നിശബ്ദ ചലച്ചിത്രങ്ങൾ’ വന്നെങ്കിലും ഞങ്ങൾ സിനിമ കാണാൻ പോയിരുന്നില്ല.

ജീവിതം പ്രശാന്തമോഹനമായിരുന്നുവെന്നൊന്നും ഞാൻ പറയുന്നില്ല. ഞങ്ങളുടെ കുടുംബം ദരിദ്രമെങ്കിലും മാന്യവും ആദരണീയവുമായ ശൈലി പുലർത്തിപ്പോന്ന ഒന്നായിരുന്നു. എന്റെ പിതാമഹൻ ഒരുകാലത്ത് ഒരുവിധം സമ്പന്നൻ ആയിരുന്നുവെന്ന് കേട്ടിട്ടുണ്ട്. നിലംപുരയിടങ്ങളും പാടങ്ങളും സ്വന്തമായുള്ളയാൾ. ധനത്തിലധികപങ്കും അദ്ദേഹം ധൂർത്തടിച്ചു നശിപ്പിച്ചുവത്രെ. നിലം ഈടുനല്കി അയൽപക്കക്കാരിൽനിന്ന് അദ്ദേഹം പണം കടമെടുത്തിരിക്കണം. ഞങ്ങളുടെ അയൽപക്കത്തുള്ള നിലംപുരയിടങ്ങളിൽ അധികപങ്കും ഒരുകാലത്ത് എന്റെ പിതാമഹനായ തടിക്കൽ കുഞ്ഞിപ്പൈലിയുടെ സ്വന്തമായിരുന്നുവെന്ന് ബാല്യത്തിൽ ഞാൻ കേട്ടിട്ടുണ്ട്. എന്റെ ജനനത്തിനുമുമ്പ് അദ്ദേഹം മരിച്ചു. അദ്ദേഹത്തെപ്പറ്റി എന്റെ പിതാവും മറ്റുള്ളവരും പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമാണ് എന്റെ അറിവിന് ആധാരം. അദ്ദേഹം ഒരു ധാരാളിയും കുറച്ചൊരു സുഖിമാനുമായിരുന്നുവെന്ന് തോന്നുന്നു. ഇതൊക്കെയാണെങ്കിലും അദ്ദേഹം സമൂഹത്തിലെ ഒരു നേതാവ് തന്നെയായിരുന്നു.

എന്റെ പിതൃമാതാവും എന്റെ ജനനത്തിനുമുമ്പ് മരിച്ചു. അവരെപ്പറ്റിയൊന്നും അഭിപ്രായം പറയാൻ എനിക്കൊരു മാർഗ്ഗവുമില്ല. എന്റെ അമ്മയുടെ അപ്പൻ മുളന്തുരുത്തി പോണോടത്തു ചെറിയാനെയും എനിക്കറിഞ്ഞുകൂടാ. എന്റെ അമ്മയുടെ അമ്മയെ മരണക്കിടക്കയിൽ കണ്ടതിന്റെ നേരിയ ഓർമ്മ മാത്രമുണ്ട്; ശവസംസ്കാരത്തിന് എന്റെ അമ്മ കുരുന്നുബാലനായ എന്നെ കൂടെക്കൊണ്ടുപോയിരുന്നു.

ഏതായാലും സാർത്രെയ്ക്ക് അനുഭവപ്പെട്ടതുപോലെ പിതാമഹന്മാരുടെയോ പിതാമഹിമാരുടെയോ ലാളനമൂലം വഷളാകാൻ എനിക്കിടയായിട്ടില്ല. ഞാൻ രംഗത്തു വരുന്നതിനുമുമ്പോ അതിനു തൊട്ടുശേഷമോ അവർ നിഷ്ക്രമിച്ചിരുന്നു. അപ്പൂപ്പന്മാരുടെയോ അമ്മൂമ്മമാരുടെയോ കുറച്ചൊരു അമിതലാളന വളരുന്ന കുട്ടികൾക്ക് ബാല്യത്തിൽ നല്ലതല്ലേ എന്ന ചിന്ത ഒരിക്കൽ എന്നിൽ ബലപ്പെട്ടിരുന്നു. സ്വന്തം മാതാപിതാക്കന്മാരോടോ സഹോദരീസഹോദരന്മാരോടോ സാധ്യമല്ലാത്ത രീതിയിലുള്ള സ്നേഹോദാരവും സഹിഷ്ണുതാപൂർവ്വവും ലോലമസൃണവുമായ ഒരു വ്യത്യസ്ത ബന്ധവും അവരുമായി സാധ്യമായിരുന്നിരിക്കണം. അനുഭവങ്ങളിലൂടെ നേടിയ ഈ വയോവൃദ്ധരുടെ വിജ്ഞാനവും ഇടപെടലും ഒരുപക്ഷേ മാതാപിതാക്കന്മാരുമായുള്ള സംഘർഷങ്ങളിൽ നിന്നും ഒരു പോംവഴിയായി ഉതകുമായിരുന്നിരിക്കാം. അതെന്തായാലും ആ വിധത്തിലുള്ള ഭാഗ്യമൊന്നും എന്റെ സഹോദരന്മാർക്കോ എനിക്കോ ലഭിക്കാനിടയായില്ല.

എനിക്ക് പിതൃസഹോദരന്മാർ ഉണ്ടായിരുന്നില്ല. പിതൃസഹോദരിമാരുമില്ലായിരുന്നു. എന്റെ പിതാവ് ഒരൊറ്റ സന്താനമായിരുന്നു. സ്വന്തം അമ്മ തന്നെയാണ് അദ്ദേഹത്തെ വളർത്തിയത്. സമസൃഷ്ടങ്ങളുമായി ഇടപെടുമ്പോഴാണ് ഇത്തരം വളർത്തലിന്റെ പോരായ്മകൾ ബോദ്ധ്യമാകുന്നത്. എന്റെ അമ്മ നാലു സഹോദരന്മാർക്ക് ഒരൊറ്റ സഹോദരിയായിരുന്നു – ലാളനകൊണ്ട് അല്പം വഷളായ ഒരു കൊച്ചുമാലാഖ. അമ്മ അതീവബുദ്ധിമതിയായ ഒരു മാലാഖ തന്നെയായിരുന്നു. നാലാംക്ലാസ് വരെ മാത്രമേ പഠിച്ചിട്ടുള്ളു. 19-ാം നൂറ്റാണ്ടിലെ ഗ്രാമീണബാലികമാരുടെ നില പരിഗണിക്കുമ്പോൾ അത്ര മോശമല്ല. അമ്മയ്ക്ക് എഴുതാനും വായിക്കാനും അറിയാം. അമ്മയുടെ ഒരാങ്ങള അന്നത്തെ നില വച്ചുനോക്കുമ്പോൾ അഭ്യസ്തവിദ്യനായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം മുളന്തുരുത്തി ഗ്രാമത്തിലെ വിദ്യാലയത്തിൽ അദ്ധ്യാപകനായി. ആ ഗ്രാമത്തിലെ എല്ലാ വിദ്യാർത്ഥികളും ആ വിദ്യാലയത്തിലാണ് പഠിച്ചിരുന്നത്. പോണോടത്ത് എബ്രഹാം മാസ്റ്റർ എല്ലാവർക്കും ആദരണീയനായ ഒരു ഗുരുഭൂതനായിരുന്നു. എനിക്ക് എത്രയും പ്രിയങ്കരനായ അമ്മാച്ചൻ – പണ്ഡിതനും സ്വഭാവശ്രേഷ്ഠതയുള്ളവനുമായ മാതൃകാപുരുഷൻ.

എട്ടാംക്ലാസിൽ എന്റെ പിതാവ് പഠിത്തം നിർത്തി. കാരണമെന്താണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. ഞങ്ങൾ ചോദിച്ചിട്ടുമില്ല. സ്വന്തം പിതാവ് ജീവിച്ചിരുന്നില്ല എന്നതായിരിക്കാം കാരണം. അദ്ദേഹം ബുദ്ധിമാനായിരുന്നു. ഇന്നത്തെ യൂണിവേഴ്സിറ്റി ബിരുദധാരികളേക്കാൾ നന്നായി ഇംഗ്ലീഷിൽ സംസാരിക്കുകയും എഴുതുകയും ചെയ്യും. അദ്ദേഹം ഒരു എലിമെന്ററി സ്കൂൾ അദ്ധ്യാപകനായി. ഇന്നത്തെ നില വച്ചു നോക്കുമ്പോൾ സാമാന്യം വ്യുല്പത്തിയുള്ള വ്യക്തിയായിരുന്നു അദ്ദേഹം. വീട്ടിൽനിന്നും അകലെയായിരിക്കുമ്പോൾ എന്റെ പിതാവുമായി ഇംഗ്ലീഷിലാണ് ഞാൻ എഴുത്തുകുത്തുകൾ നടത്തിപ്പോന്നത്.

വിവാഹിതരാകുമ്പോൾ എന്റെ പിതാവിന് പതിമൂന്നും മാതാവിന് പത്തും വയസുണ്ട്. അന്നത്തെ രീതിയതാണ്. കുടുംബങ്ങൾ ആലോചിച്ചു നടത്തുന്ന ശൈശവ വിവാഹങ്ങളിൽ അസാധാരണത്വമൊന്നുമില്ല. അസാധാരണമായി തോന്നാവുന്ന ഒരു കാര്യം അഞ്ചുപുത്രന്മാരെ വളർത്തേണ്ടിവന്ന ഒരു ന്യൂക്ലി

യർ കുടുംബം ആയിരുന്നു അവരുടേതെന്നതാണ്. ഞങ്ങളുടെ പരിചയസീമയിലുള്ള മറ്റെല്ലാ കുടുംബങ്ങളിലും ഒരമ്മൂമ്മയോ ഒരപ്പൂപ്പനോ കാണും. അപ്പൂപ്പനമ്മൂമ്മമാരുടെ തുണയൊന്നുമില്ലാതെ അഞ്ചുമക്കളെ പോറ്റിപുലർത്താൻ എന്റെ മാതാപിതാക്കൾ വല്ലാതെ ക്ലേശിച്ചുകാണണം. അഞ്ചു ബാലന്മാർ. ഒരു ബാലിക പോലുമില്ല. ആദ്യജാത പെൺകുഞ്ഞായിരുന്നുവെന്നും, കാലം തികയുന്നതിനുമുമ്പുള്ള പ്രസവമായിരുന്നതിനാൽ താമസിയാതെ കുഞ്ഞ് മരിച്ചുവെന്നും കേട്ടിട്ടുണ്ട്.

മൂന്നാമത്തെ കുഞ്ഞായിരുന്നു ഞാൻ. മാമോദീസാപ്പേര് ജോർജ് (ഗീവർഗീസ്). യവനനാമമായ ജോർജസിന്റെ (അർത്ഥം കർഷകൻ) രൂപഭേദങ്ങളാണ് രണ്ടും. കേരളത്തിൽ 'വർഗീസ്' എന്നുപയോഗിക്കും. സുറിയാനി രൂപമായ 'ഗീവർഗീസ്' ലോപിച്ചതാണ് അത്. ബാല്യത്തിൽ ഞാൻ ടി. പി. വർഗീസ് (തടിക്കൽ പൈലി വർഗീസ്) ആയിരുന്നു. പിന്നീട് 1975-ൽ റമ്പാനാകുന്നതുവരെ പോൾ വർഗീസ് എന്നറിയപ്പെട്ടു. റമ്പാനായ സമയത്ത് ആശ്രമസ്ഥനാമമായ പൗലോസ് എന്ന നാമമാണ് ഞാൻ സ്വയം സ്വീകരിച്ചത്. ഭാഗികമായി എന്റെ പഴയ പേരിന്റെ തുടർച്ച അതു നിലനിർത്തും. ഭാഗികമായി അപ്പോസ്തോലനായ പൗലോസിനെയും അതോടൊപ്പം എന്റെ മരിച്ചുപോയ പിതാവിനെയും സീമന്ത സഹോദരനെയും ആദരിക്കാൻ അത് ഉതകുകയും ചെയ്യും (ഇരുവരുടെയും മാമോദീസാപ്പേര് പൗലോസ് എന്നായിരുന്നു. ഇരുവരും 1975-നു വളരെ മുമ്പുതന്നെ അന്തരിച്ചു).


എന്റെ ജ്യേഷ്ഠന്മാരായ പൗലോസും (എന്റെ പിതാവിന്റെയും പിതാമഹന്റെയും പേരുകാരൻ) ചെറിയാനും (ബൈബിളിലെ സഖറിയ എന്ന പേരിന്റെ മലയാളനാമം, അമ്മയുടെ അപ്പന്റെ പേരുകാരൻ) ഈ ദുഃഖഭൂയിഷ്ഠമായ ലോകത്തിലെ ജീവിതം ദുസ്സഹമെന്നുകണ്ട് നേരത്തെ ഇവിടം വിട്ടുപോയി. അതിനെപ്പറ്റി പിന്നീട്.

എന്റെ രണ്ട് ഇളയസഹോദരന്മാരിൽ ജേക്കബ് തൃപ്പൂണിത്തുറയിൽ താമസിക്കുന്നു. ശാന്തനും ദൈവഭക്തനും സാഹസികതകൾ തീണ്ടാത്തവനും ആണ് അദ്ദേഹം. അദ്ദേഹത്തിനും പത്നിയ്ക്കും രണ്ട് പുത്രൻമാരും രണ്ട് പുത്രിമാരും ഒരു പൗത്രനുമുണ്ട്. കനിഷ്ഠസഹോദരനായ എബ്രഹാമിനോടാണ് എനിക്ക് കൂടുതൽ പ്രീയം. എന്നെക്കാൾ ആറ് വയസ്സ് ഇളപ്പമുണ്ട്. ഇപ്പോൾ കാനഡയിലെ വാൻകൂവറിൽ താമസിക്കുന്നു. മുമ്പ് ഒരു ഹിന്ദുവായിരുന്ന മലയാളി വനിതയാണ് ഭാര്യ. വളരെ ഉത്തമനായ എബ്രഹാം വളരെ ജനസമ്മതിയുള്ളവൻ. നല്ല നർമ്മബോധവുമുണ്ട്. അവരുടെ ഒരു മകനും ഒരു മകളും കാനഡയിൽ വിദ്യാഭ്യാസം കഴിഞ്ഞ് അവിടെത്തന്നെ ജോലി നോക്കുന്നു. ഒരാൾ ഒട്ടാവയിലും മറ്റേയാൾ വാൻകൂവറിലും. കാനഡയിൽ കുടിയേറിപ്പാർക്കുന്നതിന് മുമ്പ് എന്റെ സഹോദരനും ഭാര്യയും എത്യോപ്യയിൽ ആയിരുന്നു. എബ്രഹാം ഏതാനും വർഷം അവിടെ ഒരു കമേഴ്സ്യൽ വിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്നു. അവിടെവച്ചാണ് കുട്ടികൾ ഇരുവരും ജനിച്ചത്. സഹോദരപുത്രനായ പോൾ എബ്രഹാം ഒട്ടാവയിൽ കാനഡയുടെ ഇന്റേർണൽ റവന്യൂ സർവീസിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ ജീന ബുദ്ധിശാലിയും അഭ്യസ്തവിദ്യയുമാണ്. സാഷ, റോഷിൻ എന്നിവർ അവരുടെ ഇരട്ടമക്കൾ. ഉത്തമസ്വഭാവികളായ രണ്ട് സുന്ദരകുട്ടന്മാർ. എനിക്കവരെ വളരെ ഇഷ്ടമാണ്.

മൂന്ന് കുട്ടികൾക്കെങ്കിലും പേരപ്പൻ ആണെന്നുള്ളതിൽ ഞാൻ സന്തുഷ്ടനാണ്. പക്ഷേ അവരെ കൊഞ്ചിച്ച് വഷളാക്കാൻ എനിക്ക് അവസരം കിട്ടാറില്ല. എന്റെ സഹോദരന്മാരും അവരുടെ കുടുംബങ്ങളും പ്രകടനമൊന്നും ഇല്ലാത്ത ക്രിസ്ത്യാനികൾ തന്നെ.

പ്രായത്തിൽ കവിഞ്ഞ ബുദ്ധി?

കുറച്ചൊരു അകാലപരിണതിയെന്നോ പ്രായത്തിൽ കവിഞ്ഞ ബുദ്ധിയെന്നോ പറയാമായിരിക്കും - നാലു വയസ്സ് കഴിഞ്ഞതേയുള്ളു ഞാൻ സ്കൂളിൽ ചേർന്നപ്പോൾ. അന്ന് സ്ഥലത്തെ ബോയ്സ് ഹൈസ്കൂളിൽ പ്രാഥമികവിഭാഗത്തിൽ അദ്ധ്യാപകനായിരുന്ന പിതാവ് എന്നെയും കൂട്ടി ഹെഡ്മാസ്റ്ററുടെ അടുക്കലേയ്ക്ക് ചെന്നു. ഒന്നാം ക്ലാസിൽ ചേർക്കണമെങ്കിൽ അഞ്ചു വയസ്സ് തികയണം. വയസ് നിബന്ധനയിൽനിന്ന് ഒഴിവ് തേടിയാണ് ഞങ്ങൾ പോയത്. ഹെഡ്മാസ്റ്റർ ഒരു അയ്യങ്കാരായിരുന്നുവെന്നാണ് എന്റെ ഓർമ്മ.കഴുത്തുവരെ ബട്ടണിട്ടു, കറുത്ത കോട്ടണിഞ്ഞ്, തലപ്പാവ് കെട്ടി, വായ്നിറയെ താമ്പൂലവും ചവച്ച ആ രൂപം ഒരളവിൽ ഭയം ജനിപ്പിക്കുന്നതായിരുന്നു. മുണ്ടുടുത്തു ബട്ടണെല്ലാമിട്ട കോട്ടുധരിച്ച് വെളുത്ത തലപ്പാവും കെട്ടി നിൽക്കുന്ന



പിതാവിന്റെ രൂപവും എന്റെ ഓർമ്മയിലുണ്ട്. ആ രംഗം എന്റെ മനസ്സിൽ ഇന്നും സജീവമാണ്. കാരണം ഒരു നാലു വയസുകാരന് അതു നല്ലതുപോലെ ഭീതിജനകമായിരുന്നു.

ഹെഡ്മാസ്റ്റർ ഇപ്രകാരം ഗർജിച്ചതായി എനിക്കു തോന്നി: "നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്, പൈലി മാസ്റ്റർ? ദിവസേന പയ്യനെ താങ്കളുടെ കോട്ടിന്റെ പോക്കറ്റിലാക്കി സ്കൂളിൽ കൊണ്ടുവരാനോ?" എനിക്കു പ്രവേശനം അനുവദിച്ചു. ഏതായാലും ഹെഡ്മാസ്റ്ററുടെ ഓഫീസിൽ നിന്ന് പുറത്തുകടന്നതോടെ ആശ്വാസമായി. ഞാൻ അത്രമാത്രം ഭയന്നുപോയിരുന്നു.

നാലാം ക്ലാസ്സിൽ എത്തിയതോടെ എന്റെ പ്രായത്തിൽ കവിഞ്ഞ ബുദ്ധി സ്കൂളിൽ ശ്രദ്ധിക്കപ്പെട്ടുതുടങ്ങി. എന്റെ ഏറ്റവും മൂത്ത ജ്യേഷ്ഠന്റെ സഹപാഠികൾ (എന്നേക്കാൾ ആറുവർഷം പ്രായം കൂടുതലുള്ളവർ) ഇംഗ്ലീഷ് പാഠപുസ്തകങ്ങളുമായി എന്റെ അടുക്കൽ വരുമായിരുന്നു-അർത്ഥമറിയാതെയാണെങ്കിലും ഞാനവ ഉച്ചത്തിൽ വായിക്കുന്നതു കേൾക്കുവാൻ.

എന്റെ ക്ലാസ്സിൽ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടികളിൽ ഒരാളായിരുന്നു ഞാനെങ്കിലും, എന്റെ ഹൈന്ദവാദ്ധ്യാപകരിൽ പലരും എന്നെ പരിഹസിക്കുന്നതിലും ശകാരിക്കുന്നതിലും ആഹ്ലാദം കണ്ടെത്തി. അന്നത്തെ രീതി അതായിരുന്നു. എന്റെ മലയാളം അദ്ധ്യാപകൻ ശ്രീ ശങ്കരമേനോൻ പ്രത്യേകിച്ചും പരുഷഭാഷയിൽ ഭർത്സിക്കുമായിരുന്നു. അദ്ദേഹം പലപ്പോഴും ക്ലാസ്സിൽ പറഞ്ഞു: "മലയാളംപോലൊരു സാഹിത്യഭാഷ പഠിക്കാൻ നിങ്ങളെപ്പോലെ ചെമ്മീൻ കഴിക്കുന്ന ക്രിസ്ത്യാനികൾക്ക് എങ്ങനെ കഴിയാനാണ്?" ഇതെല്ലാം പരുക്കൻ സ്നേഹത്തിൽ നിന്ന്-വർഗീയവിദ്വേഷത്തിൽ നിന്നല്ല-ഉത്ഭവിക്കുന്നതാണ്. പക്ഷേ ക്രിസ്തീയ വിശ്വാസത്തോടുള്ള വിധേയത്വത്തെപ്പറ്റി ലജ്ജിക്കാൻ വിസമ്മതിക്കുന്ന വികാരവാനായ ഒരു ബാലകന് ഇതെല്ലാം ദുസ്സഹമായിരുന്നു. ആ പ്രദേശത്തെ ജനങ്ങളിൽ മൂന്നിലൊരു ഭാഗം ക്രിസ്ത്യാനികളാണ്. എന്റെ കുടുംബം പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹത്തിൽപ്പെട്ടതുമാണ്. ലോകത്തിൽ ക്രിസ്തുമതം ആരംഭിച്ച കാലംതൊട്ട് ഞങ്ങളുടെ പൂർവ്വികന്മാർ ക്രിസ്ത്യാനികളായി ഇവിടെ കഴിയുന്നു. യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ തോമ്മസ് ഇവിടെ സഭ സ്ഥാപിച്ചുവെന്നാണ് പാരമ്പര്യവിശ്വാസം.

പക്ഷേ, അദ്ധ്യാപകരുടെ ശകാരപരിഹാസങ്ങൾ, അന്നത്തെ സമൂഹത്തിൽ സ്കൂൾ വിദ്യാഭ്യാസമാകുന്ന കളിയുടെ ഭാഗമായിരുന്നു. അതെല്ലാം സഹിച്ചേ പറ്റൂ. എന്റെ സഹപാഠികളെ അപേക്ഷിച്ച് നന്നേ ചെറിയ കുട്ടിയായിരുന്നു ഞാൻ. അല്പം വിളറിയ ശരീരപ്രകൃതി. അന്നെനിക്കു കിട്ടിയ പരിഹാസപ്പേരാണ് "മഞ്ഞത്തവള." അതും സാരമാക്കാതെ ജീവിക്കേണ്ടിവന്നു. "കൊട്ടോടിത്തലയൻ" എന്നതായിരുന്നു മറ്റൊരു പേര്. ഒരേ സമയം പ്രശംസയും പരിഹാസവും ദ്യോതിപ്പിക്കുന്ന ആ പേരിൽ ഹാസ്യരസം കലർന്ന അസൂയ കണ്ടേക്കാം. നീണ്ട തലയേക്കാൾ എന്റെ ചെറിയ കോലത്തിനാണത് കൂടുതൽ ചേരുന്നതെന്ന് തോന്നുന്നു. എന്റെ ശിരസ്സിനു ചേരുന്ന തൊപ്പി വാങ്ങിക്കുവാൻ ഇന്നും ഞാൻ വിഷമിക്കാറുണ്ട്. ഏഴരസൈസ് ശരിക്കും പാകമല്ല. എന്റെ ശിര

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സിന്റെ വലുപ്പത്തിന് അതിലെ ഉള്ളടക്കത്തോട് എന്തെങ്കിലും ബന്ധമുള്ളതായി എനിക്കു തോന്നിയിട്ടില്ല. ചില സന്ദർഭങ്ങളിൽ ശിരസ് അല്പം വീങ്ങിയതായി തോന്നുമായിരിക്കും!

നാടകീയമായ ചില നേട്ടങ്ങൾ എനിക്കു കൈവന്നു. സ്പോർട്ട്സിലോ കലകളിലോ ആയിരുന്നില്ല. അധികപങ്കും പ്രസംഗമത്സരങ്ങൾക്കും ഉപന്യാസമത്സരങ്ങൾക്കുമാണ് സമ്മാനം കിട്ടിയത്. ഒമ്പതാംക്ലാസ്സുകാരൻ നടത്തിയ ഒരു പ്രസംഗം തികച്ചും ഒരുഗ്രൻ പ്രകടനമായി പരിഗണിക്കപ്പെട്ടു. ശബ്ദഘോഷം നിറഞ്ഞ പദാവലികൾ കൊരുത്ത ഒരു ഉപന്യാസഭാഗം ഒരു ഇന്ത്യൻ നർമ്മമാസികയിൽ കണ്ടത് ഞാൻ ഹൃദിസ്ഥമാക്കി. അത് ഒരു പ്രസംഗമത്സരത്തിൽ ഉദ്ധരിച്ചു. ഞാനത് എഴുതിയിരിക്കാനിടയില്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു. അങ്ങനെ ഞാൻ അവകാശപ്പെട്ടുമില്ല. വാസ്തവത്തിൽ ഞാൻ അന്നുപറഞ്ഞ ഭാഗത്തിൽ പകുതിവാക്കുകളുടെ പോലും അർത്ഥം എനിക്ക് അറിയില്ല. പക്ഷേ വളരെ ഭംഗിയായി ഞാനത് അവതരിപ്പിച്ചു. എന്റെ വലുപ്പവും ഞാനുപയോഗിച്ച പദങ്ങളുടെയും വാക്യങ്ങളുടെയും വലുപ്പവും തമ്മിലുള്ള ഹാസ്യാത്മകമായ പൊരുത്തക്കുറവായിരിക്കണം ജഡ്ജിമാരെയും ശ്രോതാക്കളെയും ആകർഷിച്ചത്. അതിന്റെ ചില ഭാഗങ്ങൾ ഇന്നും എന്റെ ഓർമ്മയിലുണ്ട്.

"In promulgating your esoteric cogitations, or articulating your superficial sentimentalities and amicable philosophical or psychological observations, beware of platitudinous ponderosity. Let your extemporaneous descantings and unpremeditated expatiations have intelligibility and veracious vivacity, without rhodomontade or parsmical bombast. Sedulously avoid all pollysyllabic profundity, pompous prolixity, psittaceous vacuity, ostentatious vapidity and ventriloquy verbosity. Let your conversational communications possess a clarified conciseness, a compact comprehensibility, a coalescent consistency and a concatenated cogency. Eschew all conglomerations of flatulent garrulity, jejune babblement and asinine affectations."

ആലങ്കാരിക ശൈലിയിലുള്ള ആ പ്രസംഗം സരസമായി ഈ വിധത്തിലാണ് ഉപസംഹരിച്ചത്: "ചുരുക്കിപ്പറഞ്ഞാൽ, വ്യക്തമായി യുക്തിയുക്തമായി വിവേകപൂർവ്വം, സ്വാഭാവികമായി, ചുരുക്കി സംസാരിക്കുക. എന്താണർത്ഥമാക്കുന്നതെന്ന് പറയുക. പറയുന്നത് അർത്ഥമാക്കുക. വലിയ പദങ്ങൾ ഉപേക്ഷിക്കുക".


ഞാൻ ഉദ്ദേശിച്ചതിനേക്കാൾ മെച്ചമായിരുന്നു പ്രകടനം എന്നു തോന്നി. എനിക്കു സമ്മാനം കിട്ടി. എന്റെ ശിരസ് അല്പംകൂടി വീർത്തു!

ഒരു ബാലന്റെ മതജീവിതം

ഒരു ബാലനെന്ന നിലയിൽ എന്റെ മതപരമോ സഭാപരമോ ആയ ജീവിതത്തെ സംബന്ധിച്ചും ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. കാരണം, എന്റെ വ്യക്തിത്വ രൂപവൽക്കരണത്തിൽ മുഖ്യസ്വാധീനഘടകമായിരുന്നത് അവയായിരുന്നു. എന്റെ മാതാപിതാക്കൾ ക്രമമായി പള്ളിയിൽ പോകുമായിരുന്നു; പ്രത്യേകിച്ചും അമ്മ. കുട്ടികളായ ഞങ്ങൾ എല്ലാവരും ഞായറാഴ്ചതോറും പള്ളിയിൽ പൊയ്ക്കൊള്ളണം; പ്രധാന പെരുന്നാൾ ദിവസങ്ങളിലും. വീട്ടിൽ രാവിലെയും വൈകിട്ടും കുടുംബപ്രാർത്ഥനയുണ്ട്. സഭ നിഷ്കർഷിച്ചിട്ടുള്ള നോമ്പുകളെല്ലാം ആചരിക്കും. അക്കാലത്തെ ഓർത്തഡോക്സ് ക്രിസ്ത്യൻ കുടുംബങ്ങളിലെല്ലാം ഇതായിരുന്നു സ്ഥിതി.

സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നതിലുപരി ക്രമമായ ആചരണത്തിനായിരുന്നു മതപരമായ വ്യക്തിത്വത്തിന്റെ വളർച്ചയിൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രധാന പങ്ക്. കുടുംബപ്രാർത്ഥനകളും ഞായറാഴ്ച ആരാധനയും മർമ്മപ്രധാനം; അവയിൽ എത്രമാത്രം മനസിലായിയെന്നതു പ്രധാനമല്ല. പങ്കാളിത്തമാണ് സാരവത്തായ കാര്യം. ഇങ്ങനെയുള്ള പങ്കാളിത്തം നൽകുന്ന അനുഭവം അതിലോലമായ, സൂക്ഷ്മമായ രീതിയിൽ, അബോധപൂർവമായിത്തന്നെ, വ്യക്തിത്വത്തിന്റെ ഘടനയെ സ്പർശിക്കുന്നു.

ഈ ആചരണങ്ങളിൽ മനസ് എന്നതുപോലെതന്നെ ശരീരവും പ്രധാനമാണ്. അല്ലാതെ കണ്ണു കണ്ടതും ചെവി കേട്ടതും മാത്രമല്ല. ബോധപൂർവ്വമായ ഉൾക്കൊള്ളൽ ഇല്ലെങ്കിൽത്തന്നെ, ഒരർത്ഥത്തിൽ കാഴ്ചയും കേൾവിയും അടിസ്ഥാനപരമാണ്. മറ്റ് ഇന്ദ്രിയാനുഭവങ്ങളും തുല്യ പ്രധാനമാണ്. പള്ളിയാരാധനയിലെ കുന്തിരിക്കത്തിന്റെ സുഗന്ധം, കുർബാനാനുഭവത്തിലെ അപ്പവീഞ്ഞുകളുടെ രുചി, പള്ളിയിലെ വിളക്കിൽ നിന്ന് എണ്ണ തൊട്ടു നെറ്റിയിൽ വെയ്ക്കുന്നത്, കുരിശുചുംബനവും കുരിശുവരയും, പലവിധത്തിലുള്ള ആംഗ്യവിക്ഷേപങ്ങളും കുമ്പിടലും, ദുഃഖവെള്ളിയാഴ്ച ദിവസം കമർപ്പുള്ള ചൊറുക്കാ കുടിക്കുന്നത്, ഓശാന ഞായറാഴ്ച കുരുത്തോല ഏന്തിയുള്ള പ്രദക്ഷിണം, ആരാധനാവേളയിലുള്ള കൈകസ്തൂരി, മെത്രാപ്പോലീത്താമാരുടെയും അച്ചന്മാരുടെയും മോടിയിലുള്ള വർണാഭമായ വസ്ത്രധാരണം, കൂട്ടമണിയുടെ മുഴക്കം, ഉച്ചത്തിലും ആത്മാവുനിറഞ്ഞും സ്വന്തം സ്വരം ഉയർത്തിയുമുള്ള പാട്ടും ഉച്ചാരണവും (കൂട്ടത്തിൽ പാടുന്നവരുടെ ഈണവുമായി ചേർന്നു പൊയ്ക്കൊള്ളണമെന്നില്ല.) വെള്ള വസ്ത്രം ധരിച്ച ശെമ്മാശ്ശന്മാർ, മദ്ബഹായിലെ വർണശബളമായ അലങ്കാരങ്ങൾ, ഇവയെല്ലാം – അങ്ങനെ പഞ്ചേന്ദ്രിയങ്ങൾ മുഴുവൻ (കാഴ്ച, കേൾവി, ഗന്ധം, സ്പർശം, രുചി) ആരാധനയിൽ ഭാഗഭാക്കായിരിക്കും. ആത്മാവും, മനസ്സും എന്നപോലെ ശരീരവും പ്രാർത്ഥന അർപ്പിക്കണം. കാലും കൈയും നാവും അധരങ്ങളും ശബ്ദവും ശ്വാസവും, ശരീരനിലയും ചലനവും എല്ലാം.



ഞങ്ങൾ വളർന്നുവന്ന വ്യവസ്ഥിതിയിതാണ്. അടിസ്ഥാനപരമായി അത് ഭദ്രമാണെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. വളരെയേറെ മെച്ചപ്പെടുത്താൻ കഴിയുമെന്നത് വേറെ കാര്യം. എന്റെ '*ജോയ് ഓഫ് ഫ്രീഡം*' ('*സ്വാതന്ത്ര്യദീപ്തി*', സി. എസ്. എസ്., തിരുവല്ല) എന്ന ഗ്രന്ഥത്തിൽ ഞാൻ ഇതിനെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ബാല്യത്തിൽ നിന്നു പ്രൗഢപ്രായത്തിലേക്ക് ഞാൻ ആവഹിച്ച മനോഭാവങ്ങളും അഭിരുചികളും അധികപങ്കും ഈ വ്യവസ്ഥിതിയിൽ നിന്നു ലഭിച്ചവയാണ്.

ഇതെല്ലാം അർത്ഥശൂന്യമായ അന്ധവിശ്വാസമാണെന്നും വേദപുസ്തകം വായിക്കുകയും ആംഗ്ലിക്കൻ സഭയുടെ പ്രാർത്ഥനാപുസ്തകം ചൊല്ലുകയും ആത്മീയഗാനങ്ങൾ ആലപിക്കുകയും ചെയ്താൽ മതിയെന്നും, പത്തൊമ്പതാം നൂറ്റാണ്ടിൽ ഇരുപതുകളിലും മുപ്പതുകളിലും 'സഹായദൗത്യ' (Mission of help) വുമായി ഇവിടെയെത്തിയ ബ്രിട്ടീഷ് മിഷനറിമാർ ഞങ്ങളോടു പറയാൻ ശ്രമിച്ചു.

അവർ പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് സുവിശേഷത്തിന്റേതുപോലെതന്നെ 17, 18 നൂററാണ്ടുകളിലെ യൂറോപ്യൻ പ്രബുദ്ധതയുടെയും പ്രചാരകമിഷനറിമാരായിരുന്നു. അവരുടെ സ്വാധീനം ഇന്നും നമ്മുടെ മധ്യത്തിൽ പ്രകടമാണ്. നമ്മുടെ സംസ്ക്കാരത്തിൽ തന്നെ അത് പടർന്നുകയറിയിട്ടുണ്ട്. ഒരു ശിശു അതിനു പറഞ്ഞുകൊടുക്കുന്ന കാര്യങ്ങളാണ് പ്രധാനമായി ഗ്രഹിക്കുന്നതെന്ന് അനേകം പേർ ഇന്നും ചിന്തിക്കുന്നതായി തോന്നുന്നു.

എല്ലാ പുരാതനമതങ്ങളിലും ഇതുപോലെ എന്തെങ്കിലും ചില ആചാരാനുഷ്ഠാനങ്ങൾ കാണാതിരിക്കില്ല. മതസിദ്ധാന്തങ്ങളോ ആചാരാനുഷ്ഠാനങ്ങളോ ഒന്നുമില്ലാത്ത 'കേവല' ആദ്ധ്യാത്മികതയെപ്പറ്റി പറയാനും പുതുതായി എന്തെങ്കിലും സൃഷ്ടിക്കാനും എളുപ്പമാണ്. പക്ഷേ, രണ്ട് തലമുറയ്ക്കപ്പുറം നിലനിൽക്കുന്ന ഏതൊരു മതവും സ്വന്തമായി ചില ആചാരങ്ങളും സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കുകതന്നെ ചെയ്യും. ക്വേക്കർ സമൂഹംപോലും ഇതിനൊരപവാദമല്ല. സിദ്ധാന്തങ്ങളെ ആ വിധത്തിലായിരിക്കില്ല ഉപന്യസിക്കുന്നത്. ആചാരങ്ങളെ വിദഗ്ദ്ധമായി ഒളിച്ചുവെച്ചുവെന്നും വരാം. മതം എപ്പോഴും ഒരു സാമൂഹിക കാര്യമാണ്. അത് വ്യക്തിപരമായ തിരഞ്ഞെടുപ്പാണെന്നുള്ള ആശയം നമ്മുടെ മതനിരപേക്ഷസംസ്ക്കാരത്തിൽ പുറമെ അംഗീകരിക്കാത്ത മതത്തിന്റെ വിചിത്രവും വികലവുമായ സിദ്ധാന്തമാണ്. ഒരു സമൂഹപാരമ്പര്യം കൂടാതെ യാതൊരു മതവ്യവസ്ഥിതിയും സ്വയം വളരുന്നില്ല. ആ പാരമ്പര്യമാകട്ടെ, ചില പ്രബോധന സമ്പ്രദായങ്ങളും ഏതാനും ആചാരാനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്നതാവും. മനുഷ്യവ്യക്തിയുടെ പ്രകൃതിയിൽ തന്നെ അത് അലി

ഞ്ഞുചേർന്നിരിക്കുന്നു. ഏറ്റവും വലിയ നിരീശ്വരൻപോലും വിമർശനാത്മക യുക്തിചിന്തകൊണ്ടോ വ്യക്തിപരമായ തിരഞ്ഞെടുപ്പു മാത്രംകൊണ്ടോ ജീവിക്കുന്നില്ല. അതെപ്പറ്റി കൂടുതലായി പിന്നീട്.

സൺഡേസ്കൂൾ

മുകളിൽ പറഞ്ഞതെന്തായാലും, പഠിപ്പിക്കൽ സഹായകമാണ് – ഉപബോധാർത്ഥത്തോടുകൂടിയ പ്രതീകാത്മകമായ വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ അതു നല്കപ്പെടുമ്പോൾ. പ്രത്യേകിച്ചും സൺഡേസ്ക്കൂളിൽ നിന്ന് എനിക്കു ലഭിച്ച പ്രയോജനം കുറച്ചൊന്നുമല്ല. സൺഡേസ്ക്കൂൾ 18–ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ആരംഭിച്ച ഒരു പ്രസ്ഥാനമാണ്. ക്രിസ്ത്യാനികളാണത് ആരംഭിച്ചതെങ്കിലും ആദ്യലക്ഷ്യം മതപരമായിരുന്നില്ല; ചേരിയിലെ കുട്ടികൾക്ക് സാമാന്യ വിദ്യാഭ്യാസം നൽകുകയായിരുന്നു. ചേരിയിലെ അവഗണിക്കപ്പെട്ട, നിരക്ഷരരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന്, 'ഗ്ലസ്റ്റർ ജേർണലി'ന്റെ പ്രസാധകനായ റോബർട്ട് റെയ്ക്സ് ആണ് ഈ പ്രസ്ഥാനമാരംഭിച്ചത്. സന്നദ്ധസേവനം നൽകുന്നവരായിരുന്നു അദ്ധ്യാപകർ. തന്മൂലം ഞായറാഴ്ച (സണ്ടേ) യാണ് സ്കൂൾ നടത്തിത്തുടങ്ങിയത്. ഈ ആശയത്തെ അവതരിപ്പിച്ചുകൊണ്ട് റെയ്ക്സ് തന്റെ മാസികയിൽ ഒരു ലേഖനം എഴുതുകയും ചെയ്തു. അതോടെ ഈ ആശയം നീറിപ്പിടിച്ചു, കത്തിക്കയറി, ഇംഗ്ലണ്ടിൽ മാത്രമല്ല, യൂറോപ്യൻ ഭൂഖണ്ഡത്തിലും അമേരിക്കയിലും. 19–ാം നൂറ്റാണ്ടിൽ സാമാന്യവിദ്യാഭ്യാസം പാശ്ചാത്യരാജ്യങ്ങളിലെങ്ങും കൂടുതൽ വ്യാപകമായിത്തീർന്നതോടെ സണ്ടേസ്കൂൾ പ്രസ്ഥാനം മതവിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. ചേരികളിലെ കുട്ടികൾക്ക് മാത്രമല്ല, പള്ളിയിൽ പോകുന്ന എല്ലാ കുട്ടികൾക്കും അത് നൽകാൻ പദ്ധതിയുണ്ടാക്കി.



ഈ പ്രസ്ഥാനം ഇന്ത്യയിലെ ക്രിസ്തീയ സഭകളിലെത്തിയത് ഏതാണ്ട് നൂറുകൊല്ലം മുമ്പാണ്. എന്റെ ഇടവകപള്ളിയായ നടമേൽ സെന്റ് മേരീസ് (വീട്ടിൽനിന്ന് അരമൈൽ മാത്രം അകലെ) പള്ളിയിൽ നാലുക്ലാസുമായി സണ്ടേസ്കൂൾ തുടങ്ങി. ഒമ്പതു വയസായതോടെ ഞാൻ നാലാംക്ലാസ്സ് പാസ്സാവുകയും ചെയ്തു. വീട്ടിൽനിന്നും രണ്ട് മൈൽ അകലെയുള്ള സമീപഇടവകയിൽ (കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് പള്ളി) ഏഴുക്ലാസ്സുണ്ടായിരുന്നതിനാൽ ഞാൻ അഞ്ചാംക്ലാസ് വിദ്യാർത്ഥിയായി അവിടെ ചേർന്നു. എന്റെ ഇടവകപ്പള്ളിയിലെ സണ്ടേസ്കൂളിൽ പഠിപ്പിക്കാൻ താമസിയാതെ എന്നോടാവശ്യപ്പെട്ടു. ഞാൻ സമ്മതിച്ചു. സെന്റ് ജോർജ് പള്ളിയിലെ സണ്ടേസ്കൂൾ വിദ്യാർത്ഥിയായിരിക്കെത്തന്നെ ഞാൻ എന്റെ ഇടവകപ്പള്ളിയിലെ സണ്ടേസ്കൂൾ അദ്ധ്യാപകനായി. രണ്ട് സണ്ടേസ്കൂളുകളും ഞായറാഴ്ച രണ്ട് സമയത്ത് പ്രവർത്തിച്ചിരുന്നതിനാലാണിത് സാധ്യമായത്. ഞാൻ രാവിലെ കരിങ്ങാച്ചിറ പള്ളിയിൽ പോയി വി. കുർബ്ബാനയിൽ സംബന്ധിക്കും. അനന്തരം അവിടെ സണ്ടേസ്കൂൾ പഠിക്കും. ഉച്ചയ്ക്ക് വീട്ടിലെത്തി ആഹാരം കഴിച്ചശേഷം എന്റെ ഇടവകസണ്ടേസ്കൂളിൽ പോയി പഠിപ്പിക്കും. ഈ സമ്പ്രദായം വളരെ നല്ലതായിരുന്നു. അദ്ധ്യാപനം പഠിക്കാൻ നല്ലൊരുപാധിയാണ്.

ഈ അനുഭവത്തിന് ഞാൻ കൃതജ്ഞനാണ്. കരിങ്ങാച്ചിറ പള്ളി സണ്ടേസ്കൂൾ അദ്ധ്യാപകരിൽ ഒരാളായ പുന്നച്ചാലിൽ ചാക്കോ മാസ്റ്റർ പണ്ഡിതനായിരുന്നു, മറ്റുള്ളവരിൽ പ്രചോദനം പകരാൻ സമർത്ഥനും. അവിടെവച്ച് ദൈവത്തോടും യേശുക്രിസ്തുവിനോടുമുള്ള എന്റെ പ്രതിബദ്ധത ആഴമുള്ളതായി. പതിനൊന്നു വയസ്സുള്ള അദ്ധ്യാപകനെന്ന നിലയിൽ ഞാൻ പ്രസിദ്ധനായി. എന്റെ വിശ്വാസത്തിൽ ഒരു ഭാഗം എന്റെ സ്വന്തം വിദ്യാർത്ഥികൾക്ക് (അവരുടെ വിദ്യാർത്ഥിയായ അദ്ധ്യാപകനേക്കാൾ വളരെ കുറച്ച് വർഷം മാത്രം ഇളപ്പമാണവർക്ക്) പകർന്നുകൊടുക്കാൻ കഴിഞ്ഞുവെന്നാണെന്റെ ഓർമ്മ.

പിൽക്കാല ജീവിതത്തിൽ ഞാൻ ഇതിനെപ്പറ്റി പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഈ ഇടവകകളൊന്നും ഇന്നത്തെ ഭാഷയിൽ "ആത്മാവുകൊണ്ട് ജ്വലിക്കുന്നവ" ആയിരുന്നില്ല. ഒരുപാട് ഉപജാപങ്ങളും അല്ലറചില്ലറ കലഹങ്ങളും എക്കാലത്തും കാണും. ഇങ്ങനെയൊക്കെയാണെങ്കിലും, സാധാരണക്കാരായ സ്ത്രീപുരുഷന്മാർ ജീവിച്ച അതിസാധാരണമായ ഈ ഇടവകകളിൽ നിന്നാണ് ഞാൻ എന്റെ ഇന്നത്തെ വിശ്വാസത്തിന്റെ പ്രാഥമികപാഠങ്ങൾ ആർജിച്ചത്. തന്മൂലം പള്ളികളെ അപ്രസക്തമെന്നോ ക്രിസ്തീയതയിൽ താണതെന്നോ മുദ്രകുത്തുവാൻ എനിക്കാവില്ല. എന്തെല്ലാം തെറ്റുകുറ്റങ്ങൾ ഉണ്ടായാലും – ഇന്നത്തെ മാനദണ്ഡമനുസരിച്ച് തെറ്റുകുറ്റങ്ങൾ പലതുമുണ്ടാവാം – ഈ പള്ളികളിൽ വിശ്വാസത്തിന്റെ സംക്രമണം നടന്നുകൊണ്ടേയിരിക്കുന്നു. കുട്ടികളും പ്രായമുള്ളവരും ദൈവത്തെ അറിയാൻ ഇടവരുന്നു. അത് പ്രധാനപ്പെട്ട കാര്യമല്ലേ? ആ നിലയ്ക്ക് എങ്ങനെയാണ് ഞാൻ പള്ളികളെ നിഷ്പ്രയോജനമെന്നോ അനാദ്ധ്യാത്മികമെന്നോ പറഞ്ഞുതള്ളുക?

പള്ളികളിലെ പ്രസംഗങ്ങളും സുവിശേഷപ്രബോധനങ്ങളും ഉദ്ബോധനജനകമോ വിശ്വാസവർദ്ധകമോ ഒന്നുമായിരുന്നില്ല. പ്രസംഗകർ നല്ല വിദ്യാഭ്യാസം ലഭിച്ചവരായിരുന്നില്ല. പലപ്പോഴും പ്രസംഗങ്ങൾ വിരസങ്ങളായിരിക്കും. എന്നാൽ വേദപുസ്തക വായനകൾ മനസ്സിൽ പതിഞ്ഞുകാണണം. പന്ത്രണ്ടു വയസ്സായതോടെ എനിക്ക് ദൈവത്തെപ്പറ്റി വ്യക്തിഗതമായ അറിവും ക്രിസ്തുവിനോട് ഏതാണ്ടൊരു പ്രതിബദ്ധതയും ഉണ്ടായി. വാസ്തവം പറഞ്ഞാൽ, ദൈവവുമായും യേശുക്രിസ്തുവുമായും ഞാൻ സംഭാഷണത്തിന്റെ ഭാഷയിലായി. യേശുക്രിസ്തുവിനെ എന്റെ ജീവിക്കുന്ന കർത്താവും ഗുരുവുമായും ദൈവത്തിന്റെ യഥാർത്ഥ വെളിപ്പെടൽ ആയും ഞാൻ അംഗീകരിച്ചു.

പത്രോസ് ശെമ്മാശൻ

എന്റെ പിതാവിന്റെ ഒരു രണ്ടാം മച്ചുനൻ (കസിൻ) ആയ പത്രോസ് ശെമ്മാശൻ എം. എ., ബി. ഡി., എൽ. റ്റി. എന്റെ ബാല്യകാലത്തെ ആരാധനാപുരുഷനായിരുന്നു. പിന്നീടദ്ദേഹം ഞങ്ങളുടെ സഭയിലെ ഒരു മെത്രാപ്പോലീത്തായായി–മൂക്കഞ്ചേരിയിൽ പത്രോസ് മാർ ഒസ്താത്തിയോസ്. അക്കാലത്തെ ഒരു പ്രമുഖ സാമൂഹ്യപ്രവർത്തകനായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെയും കൊച്ചിയിലെയും 'അസ്പൃശ്യരുടെ' – തൊട്ടുകൂടാത്തവരുടെ – ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഉജ്ജ്വലനായ ഒരു വാഗ്മിയായിരുന്നു അദ്ദേഹം. സദാ സഞ്ചാരത്തിലായിരിക്കും. അതിലളിതമായ ജീവിതം നയിച്ച് നാടുനീളെ നടക്കുന്ന ഒരു ത്യാഗധനൻ. ആരുടെയിടയിൽ പ്രവർത്തിച്ചുവോ ആ പാവപ്പെട്ടവരുടെ ജീവിതരീതികളുമായി പൊരുത്തപ്പെട്ടു ജീവിക്കാൻ അദ്ദേഹം നിഷ്ഠവച്ചു.


ഒരു ദിവസം അദ്ദേഹം തന്റെ പൂർവ്വിക കുടുംബം സന്ദർശിക്കാനെത്തി. ഞങ്ങളുടെ വീടിനു തൊട്ടടുത്താണത്. ഒരു കൊച്ചുകുട്ടിയായ ഞാൻ ആ വീട്ടിലേക്ക് കയറിച്ചെന്നു. ആദ്യമെ ഞാനവിടെ കണ്ടത് ശെമ്മാശന്റെ മൂത്ത സഹോദരനെയാണ് – ശ്രീ എം. പി. വർക്കി, യുക്തിവാദിയായ ഒരു നാസ്തികൻ. അദ്ദേഹവും പൂർവ്വികഗൃഹത്തിൽ ഒരു ഹ്രസ്വസന്ദർശനത്തിനെത്തിയതാണ്. "മോൻ ആരെക്കാണാനാണ് വന്നത്?" അദ്ദേഹം എന്നോടു ചോദിച്ചു. അദ്ദേഹം തുടർന്നു: "ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ അതാ അദ്ദേഹം അടുത്ത മുറിയിലുണ്ട്. അതല്ല, പിശാചിനെയാണ് കാണേണ്ടതെങ്കിൽ, ആ ആൾ ഇതാ നിന്റെ മുമ്പിൽതന്നെ നിൽക്കുന്നു." ആ ചോദ്യം എന്നെ കുറച്ചൊന്ന് അമ്പരപ്പിക്കാതിരുന്നില്ല. ചോദ്യകർത്താവ് എനിക്ക് അമ്മാച്ചനാണ്, വയസ് അറുപത് കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തോട് ഒരു വാദപ്രതിവാദം നടത്താൻ എനിക്ക് സാധിക്കുകയില്ല. അതുകൊണ്ട് പത്രോസ് ശെമ്മാശനെ കാണാനാണ് വന്നതെന്നു മാത്രം മറുപടി പറഞ്ഞുകൊണ്ട് ഞാൻ അടുത്ത മുറിയിലേക്കു പോയി. പത്രോസ് ശെമ്മാശൻ സ്നേഹത്തോടെ എന്നെ സ്വീകരിച്ചു. ലളിതമായി ജീവിക്കണമെന്നും പാവങ്ങളെ സേവിക്കണമെന്നും എനിക്ക് ഉപദേശവുംതന്നു. എന്റെ വല്യപ്പച്ചൻ തന്റെ തലതൊട്ടപ്പനായിരുന്നുവെന്ന് ശെമ്മാശൻ പറഞ്ഞു. അദ്ദേഹത്തിന്റെ വല്യമ്മച്ചി എന്റെ വല്യപ്പച്ചന്റെ പെങ്ങളാണെന്നു തോന്നുന്നു. ഏതായാലും വളരെ പ്രചോദനപ്രേരകമായ ഒരു സന്ദർശനമായിരുന്നു അത്. അദ്ദേഹം അല്പം തീപ്പൊരി എന്നിലേയ്ക്ക് പകർന്നിരിക്കണം.


പിൽക്കാലത്ത് ഞാൻ ആദ്യമായി അമേരിക്കയിൽനിന്ന് മടങ്ങിവന്നപ്പോൾ അദ്ദേഹത്തോടൊന്നിച്ചു പ്രവർത്തിക്കാൻ ഞാനൊരു ശ്രമം നടത്തി. എന്തുകൊണ്ടോ അത് വിജയിച്ചില്ല. ദരിദ്രരോടൊന്നിച്ചു പ്രവർത്തിക്കുന്നതും തൊഴിലാളികൾക്കു പിന്തുണ നൽകുന്നതും സംബന്ധിച്ച എന്റെ ആശയങ്ങൾ ശെമ്മാശന്റേതുമായി പൊരുത്തപ്പെട്ടില്ല. അദ്ദേഹത്തിന്റെ രീതി വളരെ കർക്കശമായി രൂപപ്പെട്ടതായിരുന്നു. അതിൽ മാറ്റംവരുത്താൻ അദ്ദേഹം വിസമ്മതിച്ചു. ഞാൻ മറ്റു വഴികൾ തേടിപ്പോയി.

ഒരു പാമ്പുകടിയുടെ കഥ

ഇതാ ഓർമ്മയിൽനിന്നൊരു തൂലികാചിത്രം. എനിക്കന്ന് പത്ത് വയസ്സ് കാണണം. ഞങ്ങളുടെ വീടിനുമുമ്പിൽ റോഡിന് ഇരുവശത്തുമുള്ള ഓടകളിൽ വെള്ളം നിറഞ്ഞൊഴുകുന്നു. നദിയിൽ നിന്ന് ഒഴുകിക്കയറി വന്ന ചെറുവിരലോളമുള്ള മീനുകൾ ഓടയിലെ വെള്ളത്തിൽ തത്തിക്കളിക്കുന്നു. നെല്ല് കൊയ്തുകൊണ്ടുവന്ന കറ്റകൾ മുറ്റത്ത് നിരത്തിവച്ചിട്ടുണ്ട്. പുലയസ്ത്രീകൾ (താണജാതിക്കാരായ ഇവരെ തൊട്ടുകൂടാത്തവരായാണ് അന്ന് കണക്കാക്കിയിരുന്നത്. അക്കാലത്ത് ഹിന്ദുക്കൾ തൊട്ടുകൂടായ്മ ആചരിച്ചിരുന്നു. പക്ഷേ ക്രിസ്ത്യാനികളോട് ഇവർക്ക് തൊട്ടുകൂടായ്മ ഇല്ലായിരുന്നു) ആയിരുന്നു ഞങ്ങളുടെ കൃഷിസ്ഥലത്തെ കുടിയാന്മാർ. അവർ കറ്റകൾ വരാന്തയിലിട്ട് മെതിച്ചുകൊണ്ടിരുന്നു.

വെള്ളം പൊങ്ങിയ ഓടകളിലേയ്ക്ക് ഇറങ്ങിപ്പോകരുതെന്ന് മാതാപിതാക്കൾ എന്നെ കർശനമായി വിലക്കിയിരുന്നു. അവർ മറ്റു കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച സന്ദർഭത്തിൽ ഞാൻ പുറത്തിറങ്ങി. രണ്ടുകൈകൊണ്ടും ചെറുമീനുകളെ പിടിക്കാൻ ഞാനൊരു ശ്രമം നടത്തി. ക്ലേശകരമായ ഒരു വിഫലയത്നം. റോഡിന്റെ എതിർവശത്തെ വീട്ടിലെ ഒമ്പതുവയസുകാരനായ ബാലൻ (അവനും പുറത്തിറങ്ങരുതെന്ന കർശനമായ വിലക്കിലാണ്) താല്പര്യപൂർവ്വം എന്റെ പ്രവർത്തനം നിരീക്ഷിക്കുകയാണ്. "അതാ അവിടെയൊരു വലിയ മീൻ. ഞാൻ കണ്ടതാണ്." അവൻ ഓടയിലെ ഒരു പ്രത്യേകസ്ഥാനം ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു. മീനിനെ (അഥവാ മീനെന്നു തോന്നിയ ഒന്നിനെ) ഞാനും കണ്ടു. ഞാൻ രണ്ടു കൈയും നീട്ടി അതിനെ പിടിക്കാൻ ശ്രമിച്ചു. എനിക്ക് 'മീനിനെ' കിട്ടിയില്ല എന്നു മാത്രവുമല്ല വെള്ളത്തിൽനിന്ന് കൈകൾ തിരിച്ചെടുത്തപ്പോൾ നടുവിരലിൽ രക്തം വരുന്നു. എന്ത്സംഭവിച്ചുവെന്ന് എനിക്കൊരു രൂപവുമില്ല. മറ്റേ കൈയുടെ ഒരു വിരൽകൊണ്ട് മുറിവ് മറച്ചുപിടിക്കുവാൻ ശ്രമം നടത്തിക്കൊണ്ട് വീട്ടിലെ സുരക്ഷിതത്വത്തിലേക്ക് പിൻവലിയുവാൻ ഞാൻ ശ്രമിച്ചു. മെതിച്ചുകൊണ്ടിരിക്കുന്നവരിൽ ഒരു സ്ത്രീ (ഒരു കുട്ടി എന്ന നിലയിൽ എന്നോട് പ്രത്യേക വാത്സല്യമാണവർക്ക്) രക്തംപുരണ്ട കൈ കണ്ട് അമ്മയോട് നിലവിളിച്ചു: "ഇതാ കുഞ്ഞിന് എന്തോ പറ്റി." അമ്മ ഓടിയെത്തി മുറിവ് ശ്രദ്ധിച്ചു. എന്റെ മൂത്ത സഹോദരൻ എന്നെ കടിച്ച 'മീനിനെ' കണ്ടെത്താനായി വീടിനു പുറത്തിറങ്ങി. ഞാൻ അത്ഭുതത്തോടും, സംഭ്രമത്തോടുമിരിക്കുമ്പോൾ, ജ്യേഷ്ഠൻ ഒരു വലിയ കത്തിയുടെ സഹായത്തോടെ ഓടയിലെ പൊത്തുകളിലും റോഡിലെ ഗട്ടറുകളിലും പരതി. അതാ മൂന്നടിയോ അതിലേറെയോ നീളം വരുന്ന ഒരു വലിയ നീർക്കോലി (Watersnake) വെളിയിൽ വരുന്നു. എന്താണ് സംഭവിച്ചതെന്ന് പെട്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. ജ്യേഷ്ഠൻ അതിനെ വെള്ളത്തിൽനിന്ന് വലിച്ച് കരയ്ക്കിട്ടു. അത് ഓടിപ്പോവുകയോ, അതിനെ ആക്രമിച്ചവരെ എതിർക്കുവാൻ ശ്രമിക്കുകയോ ചെയ്യാത്തതിൽ ഞാൻ അത്ഭുതംകൂറി. എന്നെ കടിച്ചതിൽ തനിക്ക് സങ്കടമുണ്ടെന്ന് ആ ജീവി പറയുന്നതായി എനിക്കു തോന്നി. അത് ശാന്തമായി തറയിൽ കിടന്നു. എന്റെ ജ്യേഷ്ഠനും മറ്റുള്ളവരും ചേർന്ന് അതിനെ തല്ലിക്കൊന്നു. ഞാൻ ദുഃഖത്തോടെയും മനോവേദനയോടെയും ആ രംഗം വീക്ഷിച്ചു. എന്റെ കാര്യത്തിലല്ല, ആ പാവം പാമ്പിന്റെ സ്ഥിതിയിൽ എനിക്ക് ദുഃഖം തോന്നി.





നന്നേ ചെറുപ്പത്തിൽത്തന്നെ മരണസാധ്യത അഭിമുഖീകരിക്കേണ്ടിവന്നുവെന്നതാണു പ്രധാനകാര്യം. സമചിത്തത ഒരളവിൽ പാലിക്കുവാൻ എനിക്കു കഴിഞ്ഞു. എന്നിൽ ചിന്താക്കുഴപ്പമുണ്ടായി. പക്ഷേ ഞാൻ പേടിച്ചരണ്ടുപോയൊന്നുമില്ല. ഒരു കൊച്ചുകുട്ടി എന്ന നിലയിൽ, മരണം നമുക്കെല്ലാവർക്കും എത്രയോ സമീപസ്ഥമാണെന്ന് തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞു.

വർക്കിപ്പിള്ളയെ (എന്റെ ഓമനപ്പേര്) പാമ്പുകടിച്ചുവെന്ന വാർത്തയറിഞ്ഞ് അയൽക്കാർ വന്നുതുടങ്ങി. എന്നെ കൈയോടെ വിഷവൈദ്യന്റെ അടുക്കലേക്ക് കൊണ്ടുപോയി. വളപ്പിൽ വർഗീസ്ചേട്ടൻ താമസിക്കുന്നത് വളരെ അകലെയായിരുന്നില്ല. പരിചയസമ്പന്നനായ വൈദ്യൻ ശ്രദ്ധാപൂർവ്വം പരിശോധിച്ച ശേഷം വിധി പ്രഖ്യാപിച്ചു: "കടിച്ചത് വിഷമുള്ള പാമ്പാണ്. നടുവിരലിൽ കടിച്ചതിന്റെ രണ്ട് പാടുകൾ വളരെ വ്യക്തമായി കാണാം. പക്ഷേ എന്തോ വിചിത്രമായ കാരണത്താൽ, പാമ്പ് വിഷം വമിച്ചിട്ടില്ല. ഭക്ഷണത്തിനുവേണ്ടി തവളയെയോ മറ്റോ കടിക്കുകയാണെന്നാവും വിചാരിച്ചത്". മരണകാരണമൊന്നുമില്ലെന്ന് വിഷവൈദ്യൻ എന്റെ മാതാപിതാക്കളെ സമാശ്വസിപ്പിച്ചു. മുറിവിൽ പുരട്ടാൻ തൈലവും മരുന്നുകളും അദ്ദേഹം നൽകി.

ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും വിവരമറിഞ്ഞ് അമ്മാച്ചന്മാരും സമൂഹത്തിലെ പ്രമാണിമാരുമായി ഒട്ടേറെപ്പേർ വന്നുകൂടിയിട്ടുണ്ട്. അവർ ഒരു വൃത്തത്തിലിരുന്നു. എന്നെ നടുവിലിരുത്തി. എന്റെ കൈയിൽ തൈലം പുരട്ടി. പ്രായമുള്ളവരിൽ ചിലർ എന്നെ നന്നായി ശകാരിച്ചു: "ഏത് വലിയ മീൻ പിടിക്കാനാണ് നീ പോയത്? നന്മീനോ? മോതയോ? നീ അർഹിക്കുന്നത് നിനക്ക് കിട്ടി." അതിങ്ങനെ തുടർന്നു. അത് വേദനാജനകമായിരുന്നു.

സംഭവത്തെപ്പറ്റി ഞാൻ പ്രത്യവലോകനം ചെയ്യുകയായിരുന്നു. ഞാൻ മരണത്തോട് വളരെ അടുത്തായിരുന്നു. ഞാൻ മരിച്ചിരുന്നെങ്കിൽ എന്തുണ്ടാകുമായിരുന്നു? എന്റെ മാതാപിതാക്കളുടെ ദുഃഖം എത്ര കനത്തതായിരിക്കും. മറുവശത്ത് ആ പാമ്പിനെപ്പറ്റി എനിക്ക് ദുഃഖം തോന്നി. അത് എന്നിലേക്ക് വിഷം പകരാതിരുന്നതിനാൽ, എന്നോട് കരുണ കാണിച്ചതാണ്. നിർഭാഗ്യവശാൽ അത് കൊല്ലപ്പെട്ടു. വേറൊരുവിധത്തിൽ ചിന്തിച്ചപ്പോൾ, കുറ്റാരോപണങ്ങളിൽനിന്ന് രക്ഷപെടുവാനുള്ള ശ്രമത്തിൽ, ഞാൻ കുറ്റമെല്ലാം അയൽക്കാരനായ പയ്യനിൽ (ബേബി എന്നാണ് അവന്റെ പേര്) ചുമത്തി. അവനാണല്ലോ 'മീനിനെ' എനിക്ക് ചൂണ്ടിക്കാണിച്ചുതന്നത്. അവനാണ് കുഴപ്പത്തിനെല്ലാം കാരണമെന്ന് ഞാൻ ചിന്തിച്ചു.

നന്നേ ചെറുപ്പത്തിൽത്തന്നെ മരണസാധ്യത അഭിമുഖീകരിക്കേണ്ടിവന്നുവെന്നതാണു പ്രധാനകാര്യം. സമചിത്തത ഒരളവിൽ പാലിക്കുവാൻ എനിക്കു കഴിഞ്ഞു. എന്നിൽ ചിന്താക്കുഴപ്പമുണ്ടായി. പക്ഷേ ഞാൻ പേടിച്ചരണ്ടുപോയൊന്നുമില്ല. ഒരു കൊച്ചുകുട്ടി എന്ന നിലയിൽ, മരണം നമുക്കെല്ലാവർക്കും എത്രയോ സമീപസ്ഥമാണെന്ന് തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞു.

(തുടരും)

വചനതീർത്ഥം

വാങ്ങിപ്പോയ വൈദികരുടെ ഞായറാഴ്ച

(വി. മത്തായി 24: 42–51)

ഫാ. കെ. കെ. വർഗീസ്



കുരിശുമരണത്തിന് മുമ്പായി കർത്താവ് തന്റെ ശിഷ്യന്മാരുമായി പങ്കിടുന്ന അവസാന വാചകങ്ങളുടെ സമാഹാരമാണ് ഈ ആഴ്ചയിലെ വേദവായന. വിശുദ്ധ മത്തായി 24,25 അധ്യായങ്ങളിൽ വിവരിക്കുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനമായി നൽകപ്പെടുന്ന സന്ദേശം കർത്താവിൻറെ വരവിനായി തയ്യാറായിരിക്കുക എന്നുള്ളതാണ്. ഒലിവ് മലയിലെ പ്രസംഗം(Olivet Discourse) എന്നറിയപ്പെടുന്ന ഈ രംഗത്തിൽ, തൻറെ ചുറ്റും കൂടിയിരിക്കുന്ന ശിഷ്യന്മാർ യുഗാന്ത്യതിനെപ്പറ്റി കർത്താവിൽ നിന്ന് കേൾക്കുന്നു. തൻറെ വാക്കുകളിൽ മുഴുവൻ ഒരു വിടവാങ്ങലിന്റെ, വേർപിരിയലിന്റേ സൂചനകൾ അറിയുവാൻ കഴിയുന്നുണ്ട്.

ക്രിസ്തു ഈ വചനങ്ങൾ എല്ലാവരോടും ആയിട്ടല്ല,എന്നാല് തന്റെ ശിഷ്യന്മാരോട് ആണ് പറയുന്നത്. ജനക്കൂട്ടത്തോട് അല്ല. ആൾക്കൂട്ടത്തിന്റേ ചുമതലകൾ ഉള്ളവരത്രെ ഇത് പ്രധാനമായും ധ്യാനിക്കേണ്ടത്.

തൻറെ പരസ്യ ശുശ്രൂഷ കാലയളവിലെ ആദ്യത്തെയും അവസാനത്തെയും പ്രസംഗങ്ങൾ രണ്ടും പർവ്വത പ്രസംഗങ്ങൾ ആണെന്ന് സാധർമ്യം കൂടി ഇവിടെ കാണാനാവും.

വിശ്വസ്തനും അവിശ്വസ്തനും

തൻറെ യജമാനന്റെ നിക്ഷേപം പാഴാകാതെ ശ്രദ്ധിക്കുന്ന ജാഗ്രതയുള്ള ദാസൻ, വിശ്വസ്തനും സത്യസന്ധനുമായി തന്റെ ചുമതലകൾ നിറവേറ്റുകയും വിവേകശാലിയായ പെരുമാറുകയും ചെയ്യുന്നതുവഴി യജമാനനെ പ്രീതിക്ക് പാത്രമാവും. എന്നാൽ ദുഷ്ട ദാസൻ ആവട്ടെ ഏർപ്പെടുന്ന സകല കാര്യങ്ങളിലും വിനാശകരമായത് പ്രവർത്തിക്കുന്നവനും, മോഷ്ടിക്കുന്നവനും, മറ്റുള്ളവർക്ക് പരമാവധി ദ്രോഹം ചെയ്യുന്നവനും ആയിരിക്കും. ഉത്തരവാദിത്വങ്ങളിൽ അയവുള്ളവനും, കണക്ക് ആവശ്യപ്പെടുന്ന യജമാനന്റെ മടങ്ങിവരവിനെ പറ്റി അല്പം പോലും ശ്രദ്ധ ഇല്ലാത്തവനും ആണ്.അവൻ അവിശ്വസ്തനായ ദാസൻ ആയിരിക്കും എന്ന് തിരുവചനം പറയുന്നു.

1. വിശ്വസ്ത ദാസന്റെ ലക്ഷണങ്ങൾ

വിശ്വസ്തനും ഗ്രഹ വിചാരങ്ങളുടെ കാര്യക്കാരനും തക്കസമയത്ത് ഭക്ഷണം കൊടുക്കുന്നവനും ജാഗ്രതയോടെ ഭവനം സൂക്ഷിക്കുന്നവനും ആരെന്ന ചോദ്യം യജമാനൻ ഉന്നയിക്കുമ്പോൾ വിശ്വസ്ത ദാസന്റെ ദൗത്യങ്ങളും പ്രത്യേകതകളും ധ്യാനിക്കേണ്ടതയിട്ടുണ്ട്.

1. വിശ്വസ്ത ദാസൻ വിലയുള്ളവനാണ്.

ദൈവത്തോടൊപ്പം ഉള്ള നടപ്പിൽ പോരാട്ടങ്ങളും പ്രയത്നങ്ങളും തിരിച്ചടികളും ഒക്കെ ഉണ്ടെങ്കിലും വിശ്വസ്തനും ജ്ഞാനിയുമായ സേവകനായി സ്വയം സമർപ്പിക്കുന്നവന് ഒരു വിലയുണ്ട്. അവൻ ദൈവമുമ്പാകെ വിലയേറിയവനും മാന്യനും ആണ്.

കാഴ്ച മൂലമല്ല, കണ്ടതുകൊണ്ട് മാത്രമല്ല, അത്രമേൽ വിശ്വാസമുള്ളതിനാൽ ആണ് ഞാൻ അവനോടൊപ്പം നടക്കാനിറങ്ങിയതു എന്ന് സെന്റ്.പോൾ പറയുന്നു.

(2 കൊരിന്ത്യർ 5:7). വിശ്വസ്തനും വിജ്ഞാനീയും ആയ ദാസൻ ആകുന്നതിന്റെ പിന്നിൽ ഒരു വേദനയിലൂടെ കടന്നുപോകേണ്ടത് ആയിട്ടുണ്ട്. അതോടൊപ്പം അപ്രകാരം ഒരു അവസ്ഥയിൽ ആയി തീരുന്നത് ഒരു വികാരവും കൂടിയാണ് (There is a pasion and pain).

ഭക്തി/ ആത്മീയത എന്നൊരു വില നൽകി ഒരാൾക്ക് എല്ലാത്തിൽനിന്നും മാറി നിൽക്കാം; സുരക്ഷിതർ ആവാം. പക്ഷേ അവൻ പ്രതീക്ഷിക്കുന്നത് ജാഗ്രതയോടെ ഏതുനേരത്തും ഉണർന്നിരിക്കുന്ന, ഭക്ഷണം നൽകുന്ന, കണക്ക് സൂക്ഷിക്കുന്ന, കഠിനാധ്വാനികളെ ആണ്. വെറും പ്രാർത്ഥനാ മനുഷ്യരെ അല്ല. (Helping hands are greater than praying lips)



2. വിശ്വസ്ത ദാസൻ വിളി കേൾക്കുന്നവനാണ്

3 യോഹ.1:7.

'തിരുനാമം നിമിത്തം അല്ലോ അവർ ഒന്നും വാങ്ങാതെ പുറപ്പെട്ടത്'.

വി.മത്തായി.9:38 'വേലക്കാരെ അയപ്പൻ പ്രാർത്ഥിപ്പിൻ'

വി.ലൂക്കോസ് 18:31 'പന്തിരു വരോട് യെരൂശലേമിലേക്കു പോക....'

വി. മത്തായി.26:38

'എന്നോട് കൂടെ ഉണർന്നിരിപ്പിൻ'

പുറ.3:4'അടിയൻ ഇതാ എന്നു പറഞ്ഞു'

നാം നൽകാൻ തയ്യാറുള്ളതിനേക്കാൾ വലിയ വില, ഒരുപക്ഷേ വിശ്വസ്തതയിലേക്ക് പ്രവേശിക്കാൻ നൽകേണ്ടതായി വന്നേക്കാം. എന്നാൽ ദൈവ മുമ്പാകെ, അവന്റെ ബലമുള്ള കൈയുടെ താഴെ വിനയപെടാൻ കഴിഞ്ഞാൽ അവിശ്വസനീയമായ പ്രതിഫലം ലഭിക്കുമെന്ന് ഉറപ്പാണ്.

3. വിശ്വസ്ത ദാസൻ യജമാനനോട് ആഴമായ അടുപ്പമുള്ളവനാണ്

യാതൊരു വിളിയും കൂടാതെ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഒരുപക്ഷേ ഏതൊരാൾക്കും കഴിഞ്ഞേക്കും. അത് താരതമ്യേന എളുപ്പവുമായിരിക്കാം. പക്ഷേ, അവനോടുള്ള, കൊയ്ത്തിന്റെ യജമാനനോടുള്ള ബന്ധത്തിൽ വേല ചെയ്യുന്നവർക്ക് ഒരു ദർശനം കൂടാതെ പ്രവർത്തിക്കാൻ പ്രയാസമായിരിക്കും. അവനിൽ നിന്നുള്ള ഒരു ദർശനം, അവനുവേണ്ടി രൂപപ്പെട്ട ഒരു ദർശനം, അവനവനെ കുറിച്ചുള്ള ഒരു ദർശനം, ഇത് ആഴമായ ബന്ധത്തിൽ നിന്ന് രൂപപ്പെടേണ്ടതാണ്. നിർബന്ധം എൻറെ മേൽ കിടക്കുന്നു എന്ന് വേദവചനം ആയിരിക്കും അപ്രകാരമുള്ളവരെ നയിക്കുന്നത്. അതിനാൽ പട്ടിണി,

മരണം ഈർച്ചവാൾ സിംഹക്കുഴി ഇവയ്ക്കൊന്നിനും അവനിൽ നിന്ന് എന്നെ അകറ്റാൻ സാധ്യമല്ല എന്ന അവസ്ഥയിലേക്കുള്ള വളർച്ചയാണ് ശരിയായ കാര്യവിചാരക ലക്ഷണം. അതുതന്നെയാണ് വിശ്വസ്ത ദാസന്റേ ക്വാളിഫിക്കേഷനും.

4. വിശ്വസ്ത ദാസൻ അവനുവേണ്ടി കാത്തിരിക്കുന്നവനാണ്

കർത്താവിന്റെ വരവിനെ കുറിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ തിരുവചനത്തിൽ ധാരാളമായി കാണാനാവും. ഇവിടെ കർത്താവ് ശിഷ്യന്മാരോട് അവനു വേണ്ടി 'ഉണർന്നിരിക്കാൻ' ആവശ്യപ്പെടുന്നു. കേവലം ഉറങ്ങാതിരിക്കുന്ന അനുഭവമല്ല അത്. ഏത് സുഷുപ്തിയിലും സൂക്ഷിക്കേണ്ടതായ അതീവ ജാഗ്രതയത്രേ.

കർത്താവിന്റെ ഈ ലോകജനനത്തിന് വേണ്ടി, ക്രിസ്തുവിൻറെ ഒന്നാമത്തെ വരവിനുവേണ്ടി അതീവ തയ്യാറെടുപ്പുകളും ക്രമീകരണങ്ങളും ഒക്കെയായി ഇരുന്ന ഒരു സമൂഹമായിരുന്നു നമ്മൾ. ഒരുപക്ഷേ ആ ക്രിസ്തുമസിൽ ക്രിസ്തു

'mis' ചെയ്തോ എന്ന് പോലും ഓർക്കാൻ ആവാത്തവിധം തയ്യാറെടുപ്പുകൾ..

ഇവിടെ നമ്മുടെ കർത്താവ് തന്നെ നേരിട്ട് തന്റെ രണ്ടാമത്തെ വരവിൽ പുലർത്തേണ്ട ഒരുക്കത്തെപ്പറ്റി സൂചിപ്പിക്കുന്നു. പക്ഷേ, മാനുഷികമായി ഇവിടെ ഉയരുന്ന ഒരു പ്രശ്നം ആ വരവിൽ ഉള്ള അനിശ്ചിതത്വമാണ്.

ഈ അനിശ്ചിതത്വത്തിനേ വിശ്വസ്ത ദാസൻ എപ്രകാരമാണ് നേരിടേണ്ടത്?

2. അനിശ്ചിതമായ ലോകത്തിൽ ഉണർവ് സൂക്ഷിക്കുക

'ആ നാളും നാഴികയും സംബന്ധിച്ച് എൻറെ പിതാവ് അല്ലാതെ സ്വർഗ്ഗ ദൂതന്മാർ പോലും പുത്രനും കൂടെ അറിയുന്നില്ല' (വി. മത്തായി 24:36).

ആർക്കും അറിവില്ലാത്തതും എന്നാൽ തീർച്ചയും ഉറപ്പുമുള്ള ഒരു മഹാ സംഭവത്തെപ്പറ്റി ബോധമനസ്സിൽ ജാഗ്രത സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ശിഷ്യരെ താൻ ഓർമ്മപ്പെടുത്തുന്നു. ഒരേസമയം ഗ്രാഹ്യവും അജ്ഞാതവുമായ സംഗതികളെ പറ്റി ക്രിസ്തുശിഷ്യൻ ജാഗരൂകരായി ഇരിക്കേണ്ടതിന്റെ പ്രാധാന്യം എല്ലാവരും അറിഞ്ഞിരിക്കണം.

2. അശ്രദ്ധ കളുടെ ലോകത്തിൽ ഉണർവ് സൂക്ഷിക്കുക

' ജല പ്രളയ കാലത്ത് അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും കഴിപ്പിച്ചു

കർത്താവിന്റെ രണ്ടാമത്തെ വരവ് ഏതെങ്കിലും ഒരു പ്രത്യേക സമയത്തേക്ക് ക്രമീകരിച്ചിട്ടുള്ളതല്ല, മറിച്ച് ഏതുനേരത്തും അത് പ്രതീക്ഷിക്കണം. അത്ര മാത്രമല്ല അപ്പോൾ ക്രിസ്തുവിൽ ഉള്ളവരുടെയും അല്ലാത്തവരുടെയും (those who are in Christ or not) വേർതിരിവും അപ്പോഴുണ്ടാവും.

പോന്നു..... അവർ അറിഞ്ഞില്ല' (24:37/39). നോഹയുടെ നാളുകളിലെ ഈ കാര്യങ്ങൾ ഒരുപക്ഷേ നിരുപദ്രവകരമായ സംഗതികളാണ് എന്ന് തോന്നിയേക്കാം. എങ്കിലും യഥാർത്ഥ മണവാളന്റേ ആഗമനം മറന്നുകൊണ്ട് തിന്നാനും കുടിക്കാനും തുടങ്ങിയാൽ അത് നിലനിൽപ്പിനെ തന്നെ ബാധിച്ചേക്കാം എന്ന ഊന്നൽ ഭാഗത്തുണ്ട്. (24: 50/51). അതിനാൽ ഉണർന്നിരിക്കുക.

3. അറിയാത്ത ലോകത്ത് ഉണർവുള്ളരാവുക രണ്ട് പുരുഷൻമാർ ഒരുമിച്ച്..... ഉപേക്ഷിക്കപ്പെടും', (വി. മത്തായി 24:40/41). ജീവിതത്തിലെ ദൈനംദിന കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ കൂടിയും കർത്താവിൻറെ വരവ് പ്രതീക്ഷിച്ചുകൊള്ളണം എന്ന ഓർമ്മപ്പെടുത്തൽ ഈ വായനയിൽ ഉണ്ട്.

കർത്താവിന്റെ രണ്ടാമത്തെ വരവ് ഏതെങ്കിലും ഒരു പ്രത്യേക സമയത്തേക്ക് ക്രമീകരിച്ചിട്ടുള്ളതല്ല, മറിച്ച് ഏതുനേരത്തും അത് പ്രതീക്ഷിക്കണം. അത്ര മാത്രമല്ല അപ്പോൾ ക്രിസ്തുവിൽ ഉള്ളവരുടെയും അല്ലാത്തവരുടെയും (those who are in Christ or not) വേർതിരിവും അപ്പോഴുണ്ടാവും. സത്തമരെ തിരയും നേരം താവക മഹിമോദയ ദിവസത്തിൽ തന്റെ വലമായി നിൽക്കുവാൻ, ആര് സ്വീകരിക്കപ്പെടും ആര് ഉപേക്ഷിക്കപ്പെടും എന്ന ധ്യാനം അനുനിമിഷം ആവശ്യമാണ്. എന്നോടൊപ്പം അപരനും എന്നൊരു കരുതലിന്റെ സംഗത്യം കൂടി ഇവിടെ ചേർത്തു വയ്ക്കാം.

4.അവഗണനയുടെ ലോകത്ത് ഉണർവ്വുള്ളവർ ആവുക

' നിങ്ങളുടെ കർത്താവ്.... സമ്മതിക്കാതിരിക്കുകയും...' (വി: മത്തായി 24:42/43).

രാപകൽ ജാഗരൂകരായിരിക്കേണ്ട വീട്ടുകാരനെ വേദപുസ്തകം ഉദാഹരണ സഹിതം ഉദ്ധരിക്കുന്നു.

വീട് സംരക്ഷിക്കാൻ അസാധാരണമോ അധികമോ ആയ നടപടികൾ വേണ്ടതില്ല. എന്നാൽ, സാമാന്യബുദ്ധി ഉപയോഗിച്ച്, സാധാരണ കാര്യങ്ങൾ ,കരുതലുകൾ കൈക്കൊള്ളുക; അവഗണിച്ചു കളയരുത്. ജ്ഞാനപൂർവ്വം സദാ ജാഗ്രത പുലർത്തുക എന്നത് മാത്രമാണ് പ്രധാനമായ സംഗതി.

2 തീതോസ്. 2:12/13 ' സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ച പോരേണ്ടതിന്....'.

ഈ വേദ ധ്യാനം ഉപസംഹരിക്കുന്നത് 25)ം അധ്യായം കൂടി ചേർത്താണ്. അവിടെ(24,25) നാല് ഉപമകൾ നമ്മുടെ ധ്യാനത്തിന് വേണ്ടി കരുതിവെച്ചിട്ടുണ്ട്.

രാത്രിയിൽ വരുന്ന കള്ളൻ (വി.മത്തായി 24: 43/44).

നാം തയ്യാറായി ഇരിക്കേണ്ടതിന്റെ ഗൗരവം സൂചിപ്പിക്കുന്നു.

വിശ്വസ്ത ദാസൻ (വി.മത്തായി 24:45:51)

യജമാനനുവേണ്ടി കാത്തിരിക്കുന്നതിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു.

10 കന്യകമാരുടെ ഉപമവിശ്വസ്ത ദാസൻ (വി.മത്തായി. 25:1/13) മണവാളന് വേണ്ടി ഉണർന്നിരിക്കുകയും എതിരേല്പാൻ ആവശ്യമായ വിളക്ക് അണയാതെയും സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

മൂന്ന് ദാസന്മാരുടെ താലന്തുകൾ (വി.മത്തായി 25:14/30).

നാം ക്രിയാത്മകതയും കർത്തവ്യ ബോധവും ഉള്ളവരായിരിക്കണ്ടതിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു.

ഒടുവിൽ, അന്ത്യന്യായവിധിയെ പറ്റി പറയുന്നു. (വി. മത്തായി 25:31/ 46) നമ്മൾ കണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന ചിന്ത നമ്മളിൽ ജ്വലിപ്പിച്ച് നിർത്തുന്നു.

❑

ക്രിസ്തുവിന്റെ രണ്ടാം വരവ്

അഭിഷിക്തന്റെ രണ്ടാം വരവ് എന്നാൽ ഈ ലോകത്തിൽ അവൻ ശരീരത്തിൽ ആക്ഷരികമായി വീണ്ടും വരുമോ എന്നത് മാത്രമാണോ?

ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് അവൻ ജഡത്തിൽ പ്രത്യക്ഷനായി, വേഷത്തിൽ മനുഷ്യനായി ദൈവരാജ്യം സ്ഥാപിച്ചു; കഷ്ടമനുഭവിച്ചു; മരിച്ചു; ഉയിർത്തു; സ്വർഗ്ഗത്തിലേക്ക് കരേറി. തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നു. അവനിൽ നാം വിശ്വസിക്കുന്നു.

എന്നാൽ അവന്റെ രണ്ടാം വരവ് എന്നാൽ അവന്റെ പഠിപ്പിക്കലിലൂടെ സർവ്വലോകത്തിനും ജനതയ്ക്കുമുണ്ടാകുന്ന ആത്മജ്ഞാനവും ബോധോദയവും വിമോചനവുമാണ് എന്ന് ചിന്തിക്കുന്നതിൽ തെറ്റുണ്ടോ? ഒരുവൻ ക്രിസ്തുവിൽ ആയാൽ അഥവാ ക്രിസ്തു ഒരുവനിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു.

അഭിഷിക്തനിലെ ആദ്ധ്യാത്മജ്ഞാനവും ആത്മസാക്ഷാൽക്കാരവും ഏതൊരുവന് സ്വായത്തമാകുന്നുവോ അവനിൽ ക്രിസ്തുസാക്ഷാത്ക്കാരം സംഭവിക്കുന്നു, അവനിലൂടെ അഭിഷിക്തൻ പുനർജനിക്കുകയും ചെയ്യുന്നു. അപ്പോൾ ആ വ്യക്തി രക്ഷകൻ (യേശു) ആകുന്നു. ക്രിസ്തു സാക്ഷാത്ക്കാരത്തിൽ സർവ്വലോകവും നിറയുമ്പോൾ അവന്റെ രണ്ടാം വരവ് ഒരു യാഥാർത്ഥ്യമാകുന്നു.

കടപ്പാട്:- **The Second Coming of Christ: The Resurrection of Christ within you by Paramahansa Yogananda (1893–1952)**

സ്വതന്ത്ര വിവർത്തനം: ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

His Surprise Visit

(St. Matthew 24:42-51)

Fr. Nithin V. Rajan



When we know that we have an expected guest we prepare ourselves very specially and wisely. We do everything to our best to receive our special guest when we know that they would be coming. How prepared are we to receive the Lord of Lords and Judge of Judges?

There is a difference in waiting for our Master, as He likes to give us a surprise visit. He has promised us He will come, but when exactly it would be, is not known to anyone. The secret part is even anyone in the Heaven who is very close to Him is also not disclosed of the time. This make things more complicated. If we would be aware of the exact time we could prepare so. The coming can be in the morning, during mid-night, when the cock-crows etc., that is why it is called the surprise visit. We know this happens also in our present day to day life. In schools, colleges, business establishments etc. we have sudden inspection that is surprised visit. As we are aware there can be sudden inspection at our work places, we are always instructed to be prepared.

In this Gospel portion we can see two types of servants depicted. The choice is always given to us as to which role we need to choose.

1. The faithful and wise servant

St. Matthew 24: 45-46 *says "Who then is the faithful and wise servant, whom the master has put in charge of the servants in his household to give them their food at the proper time? It will be good for that servant whose master finds him doing so when he returns."*

What does it mean to give food at the proper time? It means a holistic growth and a positive attitude. Food here can be

1. Physical food,
2. Spiritual food and
3. Mental food

Physical food: - Food is vital for nourishing life. Without proper nourishment, the human body becomes weak and cannot function properly.

Spiritual food: - As food is need for the physical growth we need food for spiritual growth also. A proper nourishment of spiritual food is desirable so Christians do not become weak and weary, but rather flourish spiritually in their relationship with God. Consistent nourishment for the soul is vital for the Christian life. We need spiritual food—that is to say we need the Word of God, we need to do the will of God, and grow into deification.

Mental food: - 'An idle mind is devil's workshop', we need to feed our mind with good thoughts as an idea can change our life. Unless our mind is healthy we can't do anything completely.

Good food (Physical, Spiritual, and Mental) enables people to participate fully in society and can pursue their goals in life. So, giving good food means being responsible for the proper growth of the family and in turn for the society. Giving food is not a simple task. It's a Hercules one itself as it doesn't just take place at a point of time and finish. It is present and it continues. For that preparation is neededand many things need to be put together. It needs to be digestible too. Giving food is sustaining life.

2. The Evil and wicked Servant

St. Matthew 24: 48-51 *"But if that evil servant says in his heart, 'My master is delaying his coming,' and begins to beat his fellow servants, and to eat and drink with the drunkards, the master of that servant will come on a day when he is not looking for him and at an hour that he is not aware of, and will cut him in two and appoint him his portion with the hypocrites. There shall be weeping and gnashing of teeth."*

The wicked servant thinks there is time or my Master won't return now and leads a life not pleasing to the master. We too often fall in this category as we think we are rooted to this earth and this our eternal dwelling. We forget that we are pilgrims or tourists to this world. We are so attached here we forget to prepare for our master's coming. We sing in our devotional songs and prayers that our life is temporary over here but we act the different way. ***1 Timothy 6:7*** clearly states "*For we brought nothing into the world, and we can take nothing out of it". If this verse is remembered we would alter our ways of life."*

We shouldn't encourage and participate in looting our earth. Our ungodliness results in dangers not only in our life but also in our fellow human beings. Prophet Jonah is the best example for that, His disobedience resulted in the danger of all in the boat to Tarshis. They lost all they had and tried to save Jonah also but ended in vain.

Christian life is a journey. It is like a journey God asked Abraham to go. We do not know anything what will happen the next moment but the scripture has a blessed assurance. ***St. John 14: 1-3*** "*Do not let your hearts be troubled. You believe in God; believe also in me. My Father's house has many rooms; if that were not so, would I have told you that I am going there to prepare a place for you? And if I go and prepare a place for you, I will come back and take you to be with me that you also may be where I am".*

We are not sure when He will come. But it is sure that He will come, so let us be prepared. Let us make food like the faithful servant and feed the society so it would be healthy. Let us feed them with love and compassion so with that energy we would be able to uproot the weeds of hatred and injustice. Let us do our work with all our might so that we can stand before the throne with unveiled faces. Amen.

❑



നവജ്യോതി മോംസ് കുന്നംകുളം ഭദ്രാസനം

മലങ്കര ഓർത്തഡോക്സ് സഭയുടെ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ നവജ്യോതി മോംസിന്റെ കുന്നംകുളം ഭദ്രാസനത്തിലെ പ്രവർത്തനോദ്ഘാടനം ആർത്താറ്റ് അരമന ചാപ്പലിൽ വളരെ അനുഗൃഹപ്രദമായി നടന്നു.

കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് പ്രവർത്തന ഉദ്ഘാടനവും അനുഗ്രഹ പ്രഭാഷണവും നടത്തി.

തുടർന്ന് നവജ്യോതി മോംസിന്റെ കേന്ദ്ര ഡയക്ടർ ഡോ. സിബി തരകൻ നവജ്യോതി മോംസിന്റെ പ്രവർത്തന - ലക്ഷ്യത്തെ കുറിച്ച് ഉദ്ബോധനം നടത്തി.

ഭദ്രാസനത്തിലെ 17 യൂണിറ്റുകളിൽ നിന്ന് പ്രതിനിധികൾ സംബന്ധിച്ച യോഗത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ ആശംസയറിക്കുകയും ഓരോ യൂണിറ്റ് അംഗങ്ങൾക്കുമുള്ള ബാഡ്ജ് വിതരണം ഭദ്രാസന സെക്രട്ടറി അച്ചൻ MGOCSM വൈസ് പ്രസിഡന്റ് ഫാ. ഷിജു കെ. പി. യ്ക്ക് നൽകി നിർവ്വഹിക്കുകയും ചെയ്തു. ഭദ്രാസന ആനിമേറ്റർ ശ്രീമതി മേരി ജോസ് സ്വാഗതവും ഡയക്ടർ ജീനാ ജോസ് നന്ദിയും അർപ്പിച്ചു. നവജ്യോതി മോംസ് മലബാർ സോണൽ പ്രസിഡന്റ് ഫാ. നെൽസൺ, മർത്തമറിയം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മാത്യു കുളങ്ങാട്ടിൽ, യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. തോമസ് ചാണ്ടി, കിഴക്കൻ മേഖല സണ്ടേസ്കൂൾ വൈസ് പ്രസിഡന്റ് ഫാ. പ്രിൻസ് പൗലൂസ് എന്നിവർ ആശംസ അറിയിച്ച് പ്രസംഗിച്ചു.



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ജന്മദിന ആശംസകൾ നേർന്നു. ഈ ആഴ്ച തന്നെയാണ് മെത്രാപ്പോലീത്തായുടെ ജന്മദിനവും. ഇരുവരുടെയും ജന്മദിനം ആഘോഷിച്ച് രണ്ട് തിരുമേനിമാരും കോഴിമല ആശാഭവനിൽ ഒരു പൊതു ജന്മദിന കേക്ക് മുറിക്കുകയും തൈകൾ നടുകയും ചെയ്തു.




Malankara Orthodox Church Bishop Election Core Committee Members with HH Catholicos after Managing Committee Election.

പുസ്തകം







പരിശുദ്ധ മാർ അദ്ദായ് രണ്ടാമൻ കാതോലിക്ക കാലം ചെയ്തു

പൗരസ്ത്യ സുറിയാനി സഭയായ കിഴക്കിന്റെ പുരാതന സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി അര നൂറ്റാണ്ട് (1972–2022) സഭയെ നയിച്ച പ. മാർ അദ്ദായ് രണ്ടാമൻ കാതോലിക്ക കാലം ചെയ്തു. പ. പിതാവിന്റെ വിയോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ മലങ്കരസഭയുടെ ആദരാഞ്ജലികളും പ്രാർത്ഥനകളും അർപ്പിച്ചു.



മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 13-ാമത് ഓർമ്മപ്പെരുന്നാൾ കൊല്ലം അരമന കത്തീഡ്രൽ പള്ളിയിൽ കൊണ്ടാടി.



പൊതു വിദ്യാഭ്യാസ വകുപ്പ് വിദ്യാരംഗം കലാ സാഹിത്യ വേദി സർഗ്ഗോത്സവത്തിൽ അഭിനയത്തിന് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഹെലൻ തങ്കം പ്രീത്. ചന്ദനപ്പള്ളി സെന്റ് ജോർജ് വലിയപള്ളി ഇടവകാംഗം.



എറിത്രിയൻ പാത്രിയർക്കീസ് ആബൂനെ അന്തോനിയോസ് കാലം ചെയ്തു

കോട്ടയം: എറിത്രിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് ആബൂനെ അന്തോനിയോസ് (92 വയസ്) കാലം ചെയ്തു. പ. പിതാവിന്റെ വിയോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ മലങ്കരസഭയുടെ ആദരാഞ്ജലികളും പ്രാർത്ഥനകളും അർപ്പിച്ചു.

എറിത്രിയൻ സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയും സഭാഭരണത്തിൽ എറിത്രിയൻ സർക്കാരിന്റെ നിയമവിരുദ്ധമായ കടന്നുകയറ്റത്തിനെതിരെയും എക്കാലവും പോരാടി കൊണ്ടിരുന്ന ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ പോരാട്ടത്തോട് നീരസം തോന്നിയ സർക്കാർ അദ്ദേഹത്തെ 2007 മുതൽ വീട്ടുതടങ്കലിൽ ആക്കിയിരിക്കുകയായിരുന്നു. അടിസ്ഥാനമായ മനുഷ്യാവകാശങ്ങളും, ആവശ്യമായ ആരോഗ്യപരിരക്ഷാ ഉപാധികളും, മരുന്നുകൾ പോലും നിഷേധിക്കപ്പെട്ട്, നീണ്ട പതിനഞ്ചു വർഷക്കാലം അദ്ദേഹം അനുഭവിച്ച ഏകാന്തവാസം ഏറെ ഭയാനകമാണ്. 'സർക്കാർ ഏകാധിപത്യത്തിനെതിന്റെ രക്തസാക്ഷി'യായിയാണ് അദ്ദേഹത്തിന്റെ ജീവിതം അവസാനിക്കുന്നത്.

നേട്ടം



ഇലക്ട്രോണിക്സ് ആൻഡ് ടെലിക്കമ്യൂണിക്കേഷൻ എൻജിനീയറിങ്ങിൽ പിഎച്ച്ഡി (വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, യുകെ ബ്രൂണൽ സർവകലാശാല) നേടിയ ജെഫ്രി ഈപ്പൻ. ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റിയംഗം വെണ്ണിക്കുളം കച്ചിറയ്ക്കൽ കെ.സി.ഈപ്പന്റെയും ജെസി ഈപ്പന്റെയും മകനാണ്. സ്നേഹ മോഹനനാണ് ഭാര്യ.



പ. കാതോലിക്കാ ബാവാ വർക്കല ശിവഗിരി മഠം സന്ദർശിച്ചപ്പോൾ.



ഡോ. അഖിൽ പോളിനെ ആദരിച്ചു

കുന്നംകുളം: ക്യാൻസർ ചികിത്സ രംഗത്ത് പുതിയ ആശയം അവതരിപ്പിച്ച മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിലെ പൾമനോളജി വിഭാഗം തലവൻ ഡോ. അഖിൽ പോളിനെ ആശുപത്രി മാനേജ്മെൻറ് നേതൃത്വത്തിൽ ആദരിച്ചു.

മലങ്കര ആശുപത്രി വൈസ് പ്രസിഡന്റ് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ഡോ. അഖിൽ പോളിനെ പൊന്നാട അണിയിച്ച് ആദരിച്ചു.

സെക്രട്ടറി ജിന്നി കുരുവിള, ട്രഷറർ മോൻസി എബ്രഹാം, ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡന്റ് കെ പി സാക്സൺ, ന്യൂറോളജിസ്റ് ഡോക്ടർ സാബു ജോർജ് എന്നിവർ സംസാരിച്ചു.

ശ്വാസകോശത്തിന് പുറത്ത് വെള്ളം നിറയുന്ന പ്ലൂറൽ എഫ്യൂഷൻ എന്ന അവസ്ഥയിൽ രോഗകാരണം കണ്ടുപിടിക്കാനായി തൊറാകോസ്കോപ്പിക് ഫ്ലൂറൽ ബയോപ്സി വേണ്ടിവരാറുണ്ട്. എന്നാൽ ധാരാളം വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യത്തിൽ മാത്രമാണ് തൊറാകോസ്കോപ്പിക് ചെയ്യാനാകൂ. കുറച്ചുമാത്രം വെള്ളമാണ് ഉള്ളതെങ്കിൽ ചെലവേറിയ മറ്റു പരിശോധനകൾ വേണ്ടി വരും. ഇങ്ങനെയുള്ള രോഗികളിൽ സൂചി ഉപയോഗിച്ച് ഒന്നര ലിറ്ററോളം വെള്ളം നെഞ്ചിലും പുറത്ത് വെള്ളം ഉള്ള ഭാഗത്ത് കയറ്റുന്ന രീതിയാണ് ഡോ. അഖിൽ ചെയ്തത്. പിന്നീട് ഇത് ബയോപ്സി ചെയ്യുന്നു. ഇൻറർനാഷണൽ ജേർണൽ ഓഫ് ഇൻറർവെൻഷൻ പൾമനോളജി ആൻഡ് ബ്രോൺകോളജി അടക്കമുള്ള മാധ്യമങ്ങളിൽ ഇത് ഇടംനേടിയിരുന്നു.



പ. കാതോലിക്കാ ബാവായുടെ ജന്മദിന ആഘോഷം പരുമലയിൽ.



കൈരളി ടിവിയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് ധന്യ ഗ്രൂപ്പ് ഓഫ് കമ്പനി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ:ജോൺ മത്തായി അർഹനായി. ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും ഡൽഹി ഭദ്രാസന കൗൺസിൽ മെമ്പറുമാണ്. കായംകുളം കാദീശാ ഓർത്തഡോക്സ് കത്തീഡ്രൽ പള്ളി ആണ് മാതൃ ഇടവക.

ഓസ്കർ പട്ടികയിൽ റിന്റുവിന്റെ ഡോക്യുമെന്ററി

പ്രാർഥനാപൂർവം...

മീനടം ● റിന്റു തോമസിന്റെ ഡോക്യുമെന്ററി ഓസ്കർ നാമനിർദേശ പട്ടികയിൽ എത്തിനിൽക്കുമ്പോൾ മീനടം കുറിയന്നൂർ വീട് പ്രാർഥനാപൂർവം കാത്തിരിക്കുന്നു. ഈ വീട്ടിലെ കൊച്ചുമകൾ നേട്ടത്തിന്റെ നെറുകയിൽ എത്തുമെന്ന പ്രതീക്ഷയാണ് കുടുംബാംഗങ്ങൾക്ക്. റിന്റു തോമസും സുഷ്മിത് ഘോഷും ചേർന്നു നിർമിച്ച റൈറ്റിങ് വിത്ത് ഫയർ എന്ന ഡോക്യുമെന്ററിയാണു ഓസ്കർ അവസാന പട്ടികയിൽ ഇടം നേടിയിരിക്കുന്നത്.

ഡൽഹിയിൽ ബിഎൽജി ഗ്രൂപ്പ് കമ്പനി ഡയറക്ടറായ മീനടം കുറിയന്നൂർ രാജു തോമസിന്റെയും സെന്റ് ഗ്രിഗോറിയോസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ ഷിജി രാജുവിന്റെയും മകളാണ് റിന്റു തോമസ്. 40 വർഷമായി ഇവർ കുടുംബസമേതം ഡൽഹിയിലാണ് താമസം. രാജുവും ഷിജിയും കഴിഞ്ഞ നവംബറിലും മീനടത്ത് എത്തിയിരുന്നു. ഡോക്യുമെന്ററിക്കു വേണ്ടി സമയം പൂർണമായും നീക്കി വച്ചിരുന്നതിനാൽ കഴിഞ്ഞ 3 വർഷമായി റിന്റു നാട്ടിലേക്ക് വന്നിരുന്നില്ല. റിന്റുവിന്റെ സഹോദരി ജിനുവും ഭർത്താവ് വിശാൽ ജോർജും കാനഡയിലാണു താമസം. രാജുവിന്റെ സഹോദരൻ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥൻ ഷാജി കെ.തോമസും കുടുംബാംഗങ്ങളുമാണു മീനടത്തെ കുറിയന്നൂർ തറവാട്ടിൽ ഇപ്പോൾ താമസിക്കുന്നത്.

റിന്റു ആറു വർഷത്തെ പരിശ്രമത്തിലാണ് ഡോക്യുമെന്ററി പൂർത്തീകരിച്ചതെന്നു പിതാവ് രാജു തോമസ് പറഞ്ഞു. 28 പുരസ്കാരങ്ങൾ രാജ്യാന്തര തലത്തിൽ ഈ ഡോക്യുമെന്ററി നേടിയപ്പോഴും ഓസ്കർ നാമനിർദേശം ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

കടമ്പകൾ കടന്നു അവസാന പട്ടികയിൽ ഇടം നേടിയതോടെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും എല്ലാം റിന്റുവിന്റെയും സുഷ്മിതിന്റെയും നേട്ടത്തിനായി പ്രാർഥനാപൂർവം കാത്തിരിക്കുകയാണ് രാജു തോമസ് പറഞ്ഞു.



റിന്റു തോമസ്, മാതാവ് ഷിജി രാജു, പിതാവ് രാജു തോമസ്, സുഷ്മിത് ഘോഷ് എന്നിവർക്കൊപ്പം.